# പ്രതീക്ഷയുടെ പൂമൊട്ടുകൾ

**Pratheekshayude Poomottukal**


വാല്യം 42 ലക്കം 4
വാർഷിക വരിസംഖ്യ ₹ 100
Vol 42 No. 4
Annual Subscription ₹100





പ്രോസാങ്ങ്ടിറ്റി പബ്ലിക്കേഷൻസ്

മെയ് 2024

**വിശുദ്ധിയുടെ മാതൃകയായ**
**മറിയത്തിന്റെ വിമലഹൃദയമേ**
**വിശുദ്ധരാകാമെന്ന പ്രത്യാശ**
**ഞങ്ങൾക്ക് നല്കണമേ**



ചിതറിപ്പോയ ശിഷ്യഗണത്തെ
പ്രാർത്ഥനയിൽ ഒരുമിപ്പിച്ച്
പരിശുദ്ധാരൂപിയുടെ ആവാസത്തിനായി
ഒരുക്കിയ പരിശുദ്ധ ദൈവമാതാവേ,
ആത്മാവിന്റെ പ്രചോദനങ്ങളനുസരിച്ച്
എന്നും ജീവിക്കാനും
ആത്മാവിന്റെ ഫലങ്ങൾ പുറപ്പെടുവിക്കാനും
ഞങ്ങൾക്കായി മാദ്ധ്യസ്ഥ്യം വഹിക്കണമേ.

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

**Pratheekshayude Poomottukal**
**Vol. 42 No. 3**

**വാല്യം 42 ലക്കം 3 ശ്ലീഹാക്കാലം മെയ് 2024**

*"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം"* (1 തെസ 4,3)

രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**ഫ്ളവറി ചോതിരക്കുന്നേൽ A.O.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് മുതുപ്ലാക്കൽ A.O.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**ഡോ. അനു കുരിശുംമൂട്ടിൽ A.O.**
**സ്റ്റെഫി മംഗലത്തുകുന്നേൽ A.O.**
**സിജി കുന്നത്ത് A.O.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**ജെനി കഴുന്നടിയിൽ A.O.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**അനിത ആത്രശ്ശേരിയിൽ A.O.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ജെ.എസ്. ഗ്രാഫിക്സ്**

**വാർഷിക വരിസംഖ്യ ₹ 100/-**

പ്രിന്റിംഗ്:
**വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം.**
Email: wigipress@gmail.com

**പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്**
**സ്പിരിച്ച്വാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ., കോട്ടയം 686 018**
**ഫോൺ: 9497588192**
**Email: psmktm@gmail.com**

## ഉള്ളടക്കം

- സഭയും സുവിശേഷപ്രഘോഷണവും 5
- എന്നും കൂടെയുള്ളവൻ 7
- സാക്ഷ്യം 10
- പ്രതീകങ്ങളിലൂടെ 13
- എന്റെ കർത്താവേ, എന്റെ ദൈവമേ 15
- യഹോറാം 16
- സമീപനത്തിന്റെയും പ്രവർത്തനത്തിന്റെയും വഴികൾ 18
- ആശ്രയിക്കാനൊരമ്മ 21
- കൗമാരം പ്രശ്നകലുഷിതമോ? 22
- ഞാൻ കത്തോലിക്കയല്ല 24
- സെനക്കിൾ തരംഗം 26
- കൂടെ നടക്കുന്ന സഹായകൻ 27
- അമ്മയോടൊപ്പം 30

എഡിറ്റോറിയൽ

# തിരഞ്ഞെടുപ്പുകൾ

ഒട്ടൊഴിഞ്ഞെങ്കിലും
വോട്ടെടുപ്പിന്റെ തിരക്കൊക്കെ ഒട്ടൊഴിഞ്ഞെങ്കിലും നമ്മുടെ രാജ്യം
വോട്ടെണ്ണലിന്റെ ഫലം കാത്തിരിക്കുകയാണ് നമ്മുടെ രാജ്യം. ജനാ
ഇന്ത്യൻ ഭരണഘടനയനുസരിച്ച് ഭരണം നടത്തുന്ന, ജനാ
ധിപത്യത്തിന്റെ അന്തസ്സ് കാത്തുസൂക്ഷിക്കുന്നവരുടെ
കൈകളിൽ ഭരണമെത്തട്ടെ എന്നു നമുക്കു പ്രാർത്ഥിക്കാം.

ശ്ലീഹന്മാരുടെ നടപടിഗ്രന്ഥത്തിൽ ഒരു തിരഞ്ഞെടുപ്പു
നാം കാണുന്നുണ്ട്. യൂദാസ് നഷ്ടപ്പെടുത്തിയ ശ്ലൈഹിക
സ്ഥാനവും ശുശ്രൂഷാപദവിയും സ്വീകരിക്കാൻ യോഗ്യനായ
വനെ കണ്ടെത്താനുള്ള തിരഞ്ഞെടുപ്പ്. അതിനായി കുറി
യിടുന്നതിനുമുമ്പ് ശ്ലീഹന്മാർ പ്രാർത്ഥിച്ചത് "ആരെയാണ്
അങ്ങു തിരഞ്ഞെടുത്തതെന്ന് വ്യക്തമാക്കണമേ" (ശ്ലീഹാ
1,25) എന്നാണ്.

നമ്മുടെ ഓരോരുത്തരുടെയും അനുദിനജീവിതത്തിൽ
പിന്തുടരേണ്ട ഒരു മാതൃകയാണിത്. നമ്മുടെ മനോഭാവങ്ങ
ളിലും സംസാരങ്ങളിലും ചെയ്തികളിലുമൊക്കെ ഓരോ ദിവ
സവും പല പ്രാവശ്യം പല തിരഞ്ഞെടുപ്പുകൾ നമുക്കു നട
ത്തേണ്ടി വരുന്നുണ്ട്. അവിടെയൊക്കെ നന്മയുടെ ഭാഗ
മാണോ അതോ തിന്മയുടെ ഭാഗമാണോ നാം തിരഞ്ഞെടു
ക്കുന്നത് എന്നതാണ് ശ്രദ്ധിക്കേണ്ടത്. നന്മയുടെ ഭാഗത്തു
നില്ക്കുമ്പോൾ, സ്നേഹത്തിന്റെ പ്രവർത്തനങ്ങൾ ചെയ്യു
മ്പോൾ, ഏറ്റെടുക്കേണ്ടിവരുന്ന എല്ലാ ബുദ്ധിമുട്ടുകളും
സന്തോഷത്തോടെ സ്വീകരിക്കുവാൻ ശരിയായ പ്രാർത്ഥന
യുടെ പിൻബലം നമുക്കാവശ്യമാണ്. എന്നും നമ്മോടൊത്താ
യിരിക്കാൻ, നമ്മുടെ തിരഞ്ഞെടുപ്പുകളിൽ നമുക്കു സഹാ
യമേകാൻ പരിശുദ്ധാത്മാവ് നമ്മോടൊപ്പമുണ്ട്. ദിവ്യാരൂപി
യുടെ നിമന്ത്രണങ്ങൾ ശ്രവിച്ച്, അതിനനുസൃതം ജീവിച്ച്, മിശി
ഹായുടെ ആദിമശിഷ്യസമൂഹം കാണിച്ചുതന്ന വിവേകത്തി
ന്റെയും സ്നേഹത്തിന്റെയും പങ്കുവയ്ക്കലിന്റെയും ജീവിതം
നയിക്കാൻ നമുക്കാവട്ടെ.

ചീഫ് എഡിറ്റർ



# സഭയും സുവിശേഷപ്രഘോഷണവും

റവ. മല്പാൻ മാത്യു വെള്ളാനിക്കൽ

പന്തക്കുസ്താദിനം സഭയുടെ ജന്മദിനമാണ്. ഈശോമിശിഹായുടെ സ്വർഗാരോഹണത്തിനുശേഷം സെനക്കിളിൽ ശ്ലീഹന്മാർ ഈശോയുടെ അമ്മയായ മറിയത്തോടും മറ്റു സ്ത്രീകളോടും അവന്റെ സഹോദരരോടുമൊപ്പം ഏക മനസ്സോടെ പ്രാർത്ഥനയിൽ മുഴുകിയിരുന്നു എന്ന് നടപടിഗ്രന്ഥത്തിൽ വി. ലൂക്കാ പറയുന്നു (ശ്ലീഹ 1,12-14). അതേത്തുടർന്ന് പന്തക്കുസ്താദിനം സമാഗതമായപ്പോൾ അവിടെ ഒരുമിച്ചു കൂടിയിരുന്നവരുടെമേൽ അഗ്നിജ്ജ്വാലകൾ പോലുള്ള നാവുകൾ വന്നു നില്ക്കുന്നതായും അവരെല്ലാവരും പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് ആത്മാവു കൊടുത്ത ഭാഷണവരമനുസരിച്ച് വിവിധ ഭാഷകളിൽ സംസാരിക്കാൻ തുടങ്ങിയെന്നും പറയുന്നു (ശ്ലീഹ 2,1-4). ഈ പശ്ചാത്തലത്തിൽ പത്രോസ്ശ്ലീഹാ മറ്റു പതിനൊന്നു പേരോടുമൊപ്പം എഴുന്നേറ്റുനിന്ന് ആദ്യത്തെ സുവിശേഷപ്രഘോഷണം നടത്തി (ശ്ലീഹ 2,14). ഈ സുവിശേഷപ്രഘോഷണത്തിന്റെ ഫലമായിട്ടാണ് സഭ ജന്മംകൊള്ളുന്നത് (ശ്ലീഹ 2,37-42).

**ശ്ലീഹന്മാർ: സുവിശേഷപ്രഘോഷകർ**

ഈശോ ദൈവത്തോടു പ്രാർത്ഥിച്ചുകൊണ്ട് രാത്രിമുഴുവൻ ചെലവഴിച്ചെന്നും പ്രഭാതമായപ്പോൾ ശിഷ്യന്മാരെ അടുത്തുവിളിച്ച് അവരിൽനിന്നു പന്ത്രണ്ടുപേരെ തിരഞ്ഞെടുത്ത് അവർക്ക് ശ്ലീഹന്മാർ എന്നു പേരു നല്കിയെന്നും ലൂക്കാ സുവിശേഷകൻ പറയുന്നു (ലൂക്കാ 6,12-13). പിന്നീട് അവിടുന്ന് പന്ത്രണ്ടു ശ്ലീഹന്മാരെയും വിളിച്ച് സകല പിശാചുക്കളുടെയുംമേൽ അവർക്ക് അധികാരവും ശക്തിയും കൊടുത്തെന്നും, അതോടൊപ്പം രോഗങ്ങൾ സുഖപ്പെടുത്താനും ദൈവരാജ്യം പ്രഘോഷിക്കാനുമായി അവരെ അയച്ചെന്നും ലൂക്കാ സുവിശേഷകൻ പറയുന്നുണ്ട് (ലൂക്കാ 9,1-2). തന്റെ ശുശ്രൂഷയുടെ ആരംഭത്തിൽ ദരിദ്രരെ സുവിശേഷമറിയിക്കാൻ അഭിഷേകം ചെയ്യപ്പെട്ടവനാണ് താൻ എന്ന് അവിടുന്നു പ്രഖ്യാപിക്കുന്നുണ്ട് (ലൂക്കാ 4,14). ഈ സുവിശേഷം ജറുസലേമിൽ ആരംഭിച്ച് എല്ലാ ജനതകളോടും പ്രഘോഷിക്കപ്പെടേണ്ടതാണെന്ന് അവിടുന്ന് ശ്ലീഹന്മാരെ ഉത്ഥാനശേഷം അറിയിക്കുകയും ചെയ്തു (ലൂക്കാ 24,47). എന്നാൽ,

അതിനുമുമ്പ് പരിശുദ്ധാത്മാവിനാൽ അവർ ശക്തിപ്രാപിക്കണമെന്ന് അവിടുന്ന് സ്വർഗാരോഹണത്തിനു തൊട്ടുമുമ്പ് പറയുകയും ചെയ്തു (ശ്ലീഹ 1,8). അപ്രകാരം സുവിശേഷപ്രഘോഷകരായ ശ്ലീഹന്മാരുടെ അടിസ്ഥാനത്തിലാണ് സഭാസൗധം പണിയപ്പെട്ടിരിക്കുന്നത്.

**സഭയും സുവിശേഷപ്രഘോഷണവും**

ശ്ലീഹന്മാരുടെ സുവിശേഷപ്രഘോഷണത്തിലൂടെ ജന്മംകൊണ്ട സഭകളും സുവിശേഷപ്രഘോഷണശേഷിയുള്ള സമൂഹങ്ങളായിരുന്നു. നടപടിഗ്രന്ഥത്തിൽ പത്രോസ്ശ്ലീഹായുടെ സുവിശേഷപ്രഘോഷണത്തിലൂടെ ജന്മംകൊണ്ട ആദിമസഭയുടെ സ്വഭാവം അതു വ്യക്തമാക്കുന്നുണ്ട്: "അവർ ശ്ലീഹന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പം മുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താല്പര്യപൂർവം പങ്കുചേർന്നു" (ശ്ലീഹ 2,42). അവർ താല്പര്യപൂർവം പങ്കുചേർന്നത് പത്രോസ്ശ്ലീഹായിലൂടെ കൈമാറിക്കിട്ടിയ സുവിശേഷപാരമ്പര്യത്തിലാണ്. ശ്ലീഹന്മാരുടെ പ്രബോധനത്തിൽ പങ്കുചേർന്നുകൊണ്ട് സുവിശേഷം അവർ പഠിച്ചു മനസ്സിലാക്കി. അവർ സ്വീകരിച്ച സ്നേഹത്തിന്റെ സുവിശേഷമാണ് അവർ കൂട്ടായ്മയിലൂടെ ജീവിച്ചത്. മിശിഹായുടെ സുവിശേഷത്തിന്റെ ആഘോഷമാണ് അവർ താല്പര്യപൂർവം പങ്കുചേർന്ന അപ്പം മുറിക്കൽ. അതുപോലെതന്നെ സുവിശേഷ ചൈതന്യം നിറഞ്ഞ യാമപ്രാർത്ഥനകളിലാണ് അവർ പതിവായി പങ്കുചേർന്നത്. 'പ്രാർത്ഥന' എന്ന് മലയാളത്തിൽ വിവർത്തനം ചെയ്തിരിക്കുന്നത് 'നിശ്ചിത പ്രാർത്ഥനകൾ' എന്നർത്ഥം വരുന്ന ഗ്രീക്കുവാക്കാണ്. അപ്രകാരം സുവിശേഷ കേന്ദ്രീകൃതമായി ജീവിക്കുന്ന സമൂഹത്തിലൂടെയാണ് അഥവാ സഭാജീവിതത്തിലൂടെയാണ് സഭാംഗങ്ങൾ സുവിശേഷ പ്രഘോഷണം നടത്തേണ്ടത്.

**സഭാംഗങ്ങൾ: സുവിശേഷപ്രഘോഷകർ**

സഭാംഗങ്ങളെല്ലാവരും സുവിശേഷപ്രഘോഷണത്തിനായി വിളിക്കപ്പെട്ടവരാണ്. ഉത്ഥാനത്തിനുശേഷം ഈശോ ശിഷ്യരോടു പറഞ്ഞു: "നിങ്ങൾ ലോകമെങ്ങുംപോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ. വിശ്വസിച്ച് സ്നാനം സ്വീകരിക്കുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷിക്കപ്പെടും" (മർക്കോ 16,15). സ്നാനം സ്വീകരിച്ച് സഭാംഗങ്ങളായിത്തീരുന്നവരെല്ലാം മിശിഹായുടെ സുവിശേഷത്തിൽ വിശ്വസിക്കുന്നവരും സുവിശേഷം പ്രഘോഷിക്കുന്നവരുമാകണം. പ്രഘോഷണം എന്നു പറയുന്നത് കേവലം പ്രസംഗമല്ല. ജീവിതമാണ് പ്രഘോഷണം. മിശിഹായുടെ സുവിശേഷത്തിൽ വിശ്വസിക്കുകയും ആ സുവിശേഷം പഠിച്ചു മനസ്സിലാക്കി അതിനനുസൃതമായി ജീവിക്കുകയും ചെയ്യുമ്പോഴാണ് ഒരുവൻ സുവിശേഷം പ്രഘോഷിക്കുന്നവനാകുന്നത്. ഇപ്രകാരം സുവിശേഷപ്രഘോഷകരാകുവാൻ സഭാംഗങ്ങളെല്ലാവരും വിളിക്കപ്പെട്ടിരിക്കുന്നു.

**സഭാജീവിതവും സുവിശേഷപ്രഘോഷണവും**

ആദിമസഭയുടെ രൂപരേഖയിൽ കാണപ്പെടുന്നതുപോലെ സഭാംഗങ്ങളെല്ലാവരും സുവിശേഷപ്രഘോഷകരാകാൻ വിളിക്കപ്പെട്ടവരാണ്. സുവിശേഷ സ്വീകരണം (ശ്ലീഹന്മാരുടെ പ്രബോധനം), സുവിശേഷ ജീവിതം (കൂട്ടായ്മ), സുവിശേഷാഘോഷം (അപ്പം മുറിക്കൽ), സുവിശേഷ പ്രകാശനം (യാമപ്രാർത്ഥനകൾ) എന്നിവയിൽ സദാ താല്പര്യപൂർവം പങ്കുചേരുന്നവർക്കു മാത്രമേ, യഥാർത്ഥത്തിൽ സുവിശേഷപ്രഘോഷകരാകുവാൻ കഴിയുകയുള്ളൂ. അതുകൊണ്ടു പൂർണമായി സഭാജീവിതം നയിച്ചുകൊണ്ടുവേണം നാം സുവിശേഷപ്രഘോഷകരാവാൻ. അപ്രകാരം പൂർണമായ സഭാജീവിതം നയിച്ച് മിശിഹായുടെ സുവിശേഷപ്രഘോഷകരാകാൻ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

# ശ്ലീഹാക്കാലം



**റവ. ഡോ. ജയിംസ് ചവറപ്പുഴ**
**നസ്രാണി റിസേർച്ച് സെന്റർ, നല്ലതണ്ണി**

**ശ്ലീ**ഹന്മാരുടെ പ്രവർത്തനങ്ങളുടെ ഓർമ്മ സഭ ആചരിക്കുന്ന അവസരമാണ് ശ്ലീഹാക്കാലം. പെന്തക്കുസ്താ തിരുനാളോടെ ഈ കാലം ആരംഭിക്കുന്നു. പെന്തക്കുസ്താ തിരുനാൾ മുതലുള്ള അമ്പത് ദിവസത്തേയ്ക്കാണ് പൗരസ്ത്യ സുറിയാനി സഭയിൽ ശ്ലീഹാക്കാലം ആചരിക്കുന്നത്. അയയ്ക്കുക എന്നർത്ഥമുള്ള "ശ്ലഹ്" എന്ന സുറിയാനി ക്രിയാ പദത്തിൽ നിന്നു വന്നിട്ടുള്ളതാണ് "ശ്ലീഹാ" എന്ന വാക്ക്. "അയയ്ക്കപ്പെട്ടവൻ" എന്നാണ് ഈ വാക്കിന്റെ അക്ഷരാർത്ഥം. കർത്താവ് തിരഞ്ഞെടുത്ത പന്ത്രണ്ട് ശിഷ്യന്മാരുടെ സമൂഹമാണ് ശ്ലീഹന്മാർ എന്നറിയപ്പെടുന്നത്. കർത്താവിന് വേറെയും ശിഷ്യന്മാർ ഉണ്ടായിരുന്നുവെങ്കിലും പ്രത്യേകം തിരഞ്ഞെടുത്ത പന്ത്രണ്ടു പേരെ മാത്രമേ "ശ്ലീഹന്മാർ" എന്ന് സുവിശേഷങ്ങളിൽ വിളിച്ചു കാണുന്നുള്ളു.

"അൻപതാമത്തെ" എന്നർത്ഥമുള്ള "പെന്തക്കോസ്തോസ്" (Pentecostos) എന്ന ഗ്രീക്കു വാക്കിൽ നിന്നാണ് "പെന്തക്കുസ്താ" എന്ന പദമുണ്ടായത്. ഒരു കൊയ്ത്തുത്സവമായിട്ടാണ് ഈ തിരുനാളിന്റെ ആരംഭം (പുറ 23,16, 34,22). കൊയ്ത്തിനായി ആദ്യം അരിവാളെടുത്തിട്ട് ഏഴാഴ്ചയ്ക്കു ശേഷമാണ് ഈ തിരുനാൾ തുടങ്ങേണ്ടിയിരുന്നത് (നിയ 16,9-10). കർത്താവിന്റെ ആലയത്തിൽ കൊണ്ടുവന്ന ആദ്യത്തെ കറ്റ പുരോഹിതൻ ശാബതത്തിന്റെ പിറ്റേദിവസം കർത്താവിനു കാഴ്ചവച്ചതു തൊട്ട് ഏഴു ശാബതങ്ങൾ വരത്തക്കവണ്ണം ഏഴാഴ്ചകളെണ്ണി പിറ്റേദിവസം അതായത് അൻപതാമത്തെ ദിവസമാണ് ഈ ഉത്സവം നടന്നിരുന്നത്. ഇതിൽ നിന്നാണ് "പെന്തക്കുസ്താ" എന്ന പേരു തന്നെ ഈ തിരുനാളിനു ലഭിച്ചത്.

പുതിയ നിയമത്തിൽ പരിശുദ്ധ റൂഹാ തീനാവുകളുടെ രൂപത്തിൽ ശ്ലീഹന്മാരുടെ മേൽ ഇറങ്ങിയത് പെന്തക്കുസ്താ ദിവസമായിരുന്നു (നട 2,1-13) നടപടിപുസ്തകത്തിൽ പുതിയ നിയമത്തിലെ പെന്തക്കുസ്തായെക്കുറിച്ചുള്ള വിവരണങ്ങൾ ആരംഭിക്കുന്നത് ഇപ്രകാരമാണ്,

“പെന്തക്കുസ്തായുടെ ദിവസങ്ങൾ പൂർത്തിയായപ്പോൾ അവരെല്ലാവരും ഒരുമിച്ചു കൂടിയിരിക്കെ, പെട്ടെന്ന് ആകാശത്തുനിന്നും കൊടുങ്കാറ്റിന്റേതുപോലെ ഒരു സ്വരമുണ്ടായി” (നട 2:1-2).

ആദിമസഭയിൽ ഉയിർപ്പുതിരുനാളാചരണത്തിന്റെ സമാപനദിവസമായിട്ടാണ് പെന്തക്കുസ്താതിരുനാൾ ആചരിച്ചിരുന്നത്. ഉയിർത്തെഴുന്നേറ്റ മിശിഹാ സ്വർഗ്ഗത്തിലേയ്ക്ക് കരേറുന്നതിനു മുമ്പ് നാല്പതു ദിവസത്തേയ്ക്കു ശിഷ്യന്മാർക്കു കാണപ്പെട്ടു (നട 1,3). ഓർശലേമിൽ നിന്ന് പുറത്തുപോകാതെ പിതാവിൽ നിന്നുള്ള വാഗ്ദാനം കാത്തിരിക്കണം എന്ന നിർദേശം നൽകിയിട്ടാണ് (നട 1,4; ലൂക്കാ 24,49) ഈശോ സ്വർഗ്ഗാരോഹണം ചെയ്തത്. അങ്ങനെ മനുഷ്യർക്ക് ലഭിച്ച വാഗ്ദാനങ്ങളുടെയെല്ലാം പൂർത്തീകരണമായിരുന്ന പരിശുദ്ധ റൂഹായുടെ ആഗമനം പെന്തക്കുസ്താദിവസം നിറവേറി.

### സ്വർണവെള്ളി

ശ്ലീഹാക്കാലത്തിലെ ഒന്നാം വെള്ളി “സ്വർണ്ണവെള്ളി” എന്ന പേരിലാണ് അറിയപ്പെടുന്നത്. യോഹന്നാൻശ്ലീഹായുമൊത്ത് ഓർശലേം ദൈവാലയത്തിൽപോയ കേപ്പാശ്ലീഹാ ചെയ്ത ആദ്യത്തെ അത്ഭുതമാണ് അന്നേ ദിവസം അനുസ്മരിക്കുന്നത്. ദൈവാലയാങ്കണത്തിൽ വച്ച് ഭിക്ഷ യാചിച്ച മുടന്തനോട് കേപ്പാശ്ലീഹാ പറഞ്ഞ വാക്കുകളിൽ നിന്നാണ് സ്വർണ്ണവെള്ളി എന്ന പേര് ഉണ്ടായത്. “പൊന്നും വെള്ളിയും എനിക്കില്ല; എനിക്കുള്ളത് നിനക്കു തരുന്നു. നസ്രായനായ ഈശോമിശിഹായുടെ നാമത്തിൽ നീ എഴുന്നേറ്റ് നടക്കുക” (നട 3,6) എന്ന കേപ്പായുടെ വാക്കുകളാൽ അയാൾ സൗഖ്യം പ്രാപിച്ചു.

### എഴുപതു ശിഷ്യന്മാരുടെ ഓർമ്മ

ശ്ലീഹാക്കാലം അവസാനത്തെ വെള്ളി നമ്മുടെ കർത്താവിന്റെ എഴുപതു ശിഷ്യന്മാരുടെ ഓർമ്മ ആചരിക്കുന്നു. പ്ശീത്താ ബൈബിളിൽ (ലൂക്കാ 10,1) പറയുന്ന പ്രകാരം പന്ത്രണ്ട് ശ്ലീഹന്മാർക്കു പുറമേ ഈശോയ്ക്ക് വേറെ എഴുപത് ശിഷ്യന്മാർകൂടി ഉണ്ടായിരുന്നു. അവരുടെ ഓർമ്മയാണ് ഇവിടെ ആചരിക്കുന്നത്.



### ദുക്റാന

സാധാരണയായി ശ്ലീഹാക്കാലത്തു തന്നെയാണ് ദുക്റാനത്തിരുനാൾ വരുന്നത്. ജൂലൈ മൂന്നിന് ആചരിക്കുന്ന ദുക്റാന മാർത്തോമ്മാ ശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ ഓർമ്മയാചരണമാണ്. ഓർമ്മ, അനുസ്മരണം എന്നൊക്കെയാണ് ദുക്റാന എന്ന സുറിയാനി പദത്തിന്റെ അർത്ഥം. മാർത്തോമ്മാ നസ്രാണികൾ തോമ്മാശ്ലീഹായുടെ ഓർമ്മദിവസത്തെ

മാത്രമേ ദുക്റാന എന്നു വിളിക്കാറുള്ളൂ. "തോറാന" എന്ന വാക്ക് ഉൾക്കൊള്ളുന്ന ഒരു പഴഞ്ചൊല്ല് മലയാളത്തിൽ ഉണ്ട്. "തോറാന ദിനം ആറാന ആറേ ഒഴുകും" എന്നതാണത്. മഴയുടെ ആധിക്യത്തെ ഈ പഴഞ്ചൊല്ല് സൂചിപ്പിക്കുന്നു. ആറ് ആനകൾ പുഴയിലൂടെ ഒഴുകിപ്പോകത്തക്കവിധം ജൂലൈ മൂന്നിനു മഴ പെയ്യുമെന്നാണ് സാരം.

**ശ്ലീഹാക്കാലത്തിലെ പ്രാർത്ഥനകളിലെ പ്രധാന ചിന്താവിഷയങ്ങൾ**

പരിശുദ്ധ റൂഹായുടെ ആഗമനം, ശ്ലീഹന്മാരുടെ സുവിശേഷ പ്രഘോഷണങ്ങൾ, അവർക്ക് സഹിക്കേണ്ടിയിരുന്ന പീഡനങ്ങൾ ഇവയൊക്കെയാണ് ശ്ലീഹാക്കാലത്തിലെ പ്രധാന ധ്യാനവിഷയങ്ങൾ. പരിശുദ്ധ റൂഹായുടെ ആഗമനത്തോടെ പിതാവിന്റെ വാഗ്ദാനം നിറവേറിയതായി പല ഗീതങ്ങളിലും കാണാം. പരിശുദ്ധ റൂഹായുടെ പ്രവർത്തനംവഴി ത്രിത്വം വെളിപ്പെടുത്തപ്പെട്ടു എന്നും ശ്ലീഹന്മാർ ത്രിത്വത്തെക്കുറിച്ച് പ്രഘോഷിച്ചു എന്നും യാമശുശ്രൂഷാഗീതങ്ങളിൽ കാണുന്നു. വെറും സാധാരണക്കാരായ ആളുകളെ കർത്താവ് ശ്ലീഹന്മാരായി തിരഞ്ഞെടുത്തുവെന്ന വസ്തുത ആവർത്തിച്ച് ഉദ്ഘോഷിക്കുന്നു. പ്രത്യേക കഴിവുകളൊന്നുമില്ലാതിരുന്ന ആളുകളെ സുവിശേഷ പ്രഘോഷകരായി തെരഞ്ഞെടുത്ത കർത്താവ് പരിശുദ്ധ റൂഹാ വഴി അവർക്കുവേണ്ട ദാനങ്ങളെല്ലാം നൽകി. പരിശുദ്ധ റൂഹാ ശ്ലീഹന്മാരിൽ വസിച്ചുകൊണ്ട് രുചികെട്ടവയ്ക്കു രുചി നൽകുന്ന ഉപ്പാക്കി അവരെ മാറ്റി. ശ്ലീഹന്മാർ ഇളകാത്ത പാറയാണ്. കർത്താവിൽ നിന്നു ലഭിച്ച ശക്തികൊണ്ട് അവർ നശിക്കാത്ത കെട്ടിടം പണിതു. അവർ അവിശ്വാസത്തെ പിഴുതുകളഞ്ഞുകൊണ്ട് സഭയെ നിർമ്മിച്ചു.

ചില ഗീതങ്ങളിൽ ശ്ലീഹന്മാരെ കൃഷിക്കാരായി ചിത്രീകരിച്ചിരിക്കുന്നു. ഉദാ: "ഈശോ മിശിഹായുടെ സ്നേഹിതരും സുവിശേഷമറിയിച്ചവരുമായ ശ്ലീഹന്മാർ "കലപ്പ" എന്നപോലെ "സ്ലീവാ" അവരുടെ കൈകളിൽ വഹിച്ചിരുന്നു. വിഗ്രഹങ്ങളുടെ തെറ്റുവഴി നാശത്തിലായ ഭൂമിയെ ഉഴുതൊരുക്കി അതിൽ അവർ രക്ഷയുടെ വചനം വിതച്ചു. നമുക്കെല്ലാവർക്കും അവരെ ആദരിക്കാം.

തന്റെ ശാരീരിക സാന്നിധ്യം അവസാനിച്ച ശേഷം തൽസ്ഥാനത്ത് ശ്ലീഹന്മാരെയും സഭയെയും നയിക്കാനായി ഈശോ പരിശുദ്ധ റൂഹായെ അയച്ചു. പരിശുദ്ധ റൂഹായുടെ സഹായത്തോടെ കർത്താവിന്റെ പ്രബോധനങ്ങളോട് വിശ്വസ്തത പാലിച്ച് ക്രിസ്തീയ ജീവിതം നയിക്കാനുള്ള ചുമതല കൃത്യമായി നിർവഹിക്കുന്നതിന് തുടർച്ചയായ ദൈവകൃപ ആവശ്യമാണ്. ഈ കൃപയാണ് പരിശുദ്ധ റൂഹാ പ്രദാനം ചെയ്യുന്നത്. കൂദാശകളിലൂടെ സഭയിലാണ് പരിശുദ്ധ റൂഹായുടെ കൃപ നമുക്കു സംലഭ്യമാകുന്നത്. ശ്ലീഹന്മാരുടെ കാലശേഷം പരിശുദ്ധ റൂഹാ സഭയിലും സഭയിലൂടെയും പ്രവർത്തിക്കുന്നു എന്നതാണ് ശ്ലീഹാക്കാലത്തിലെ കേന്ദ്രചിന്താവിഷയം.

*സഹായകഗ്രന്ഥങ്ങൾ*

*1. പ്ലാസിഡ് പൊടിപാറ, നമ്മുടെ റീത്ത്, സെന്റ് ജോസഫ്സ് പ്രസ് മാന്നാനം 1997*

*2. ചാൾസ് പൈങ്ങോട്ട്, തിരുനാളുകൾ, OISRI, കോട്ടയം 2008*

*3. ചാൾസ് പൈങ്ങോട്ട്, ആരാധനാവത്സരം, ദീപിക ബുക്ക് ഹൗസ് കോട്ടയം 2017*

*4. സേവ്യർ കൂടപ്പുഴ, മാർത്തോമ്മാ നസ്രാണി സഭാ വിജ്ഞാനകോശം, OISRI, കോട്ടയം 1999*

*5.ജോർജ് കുരുക്കൂർ, ക്രൈസ്തവ ശബ്ദകോശം, പി.ഒ.സി പ്രസിദ്ധീകരണം, കൊച്ചി 2002.*




**സാബി കോഴിക്കോട്**

**“ക്രി**സ്തുവിനെ എനിക്കിഷ്ടമാണ്; എന്നാൽ ക്രിസ്ത്യാനിയെ എനിക്കിഷ്ടമില്ല” എന്ന മഹാത്മാഗാന്ധിയുടെ വാക്കുകൾ കുറച്ചു നാളായി എന്റെയുള്ളിൽ പൊള്ളലുണ്ടാക്കാൻ തുടങ്ങിയിട്ട്. അതുകൂടാതെ കഴിഞ്ഞദിവസം സൺഡേസ്കൂളിലെ ബോർഡിൽ കുട്ടികളിലാരോ കുറിച്ച ‘ക്രിസ്ത്യാനി = ക്രിസ്തുവിന്റെ ശരീരത്തിൽ ആണിയടിക്കുന്നവൻ’ എന്ന വ്യാഖ്യാനവുംകൂടിയായപ്പോൾ ആ പൊള്ളൽ ഉണങ്ങാത്ത വ്രണമായി മാറി. ക്രിസ്തുവിനും ക്രിസ്ത്യാനിക്കും തമ്മിലുള്ള ഇടദൂരം മൈലുകളായി മാറുകയാണോ? എന്നാണാവോ അവന്റെ നിഴലെങ്കിലുമാകാൻ കഴിയുക! അത്ര എളുപ്പമുള്ള കാര്യമാണെന്നോ മനുഷ്യപരിശ്രമങ്ങളുടെ ഫലം മാത്രമാണെന്നോ ഒന്നും ഞാനവകാശപ്പെടുന്നില്ല. ക്രിസ്തുവും അനുയായിയും തമ്മിലുള്ള വൈപരീത്യമെങ്കിലും ഒന്നു കഴുകി വിമലീകരിക്കാൻ കഴിഞ്ഞെങ്കിൽ...

ഇതരമതസ്ഥരുടെ ഹൃദയകോവിലുകളിൽ ക്രിസ്തുവചനം എന്നേ ഇടംപിടിച്ചുകഴിഞ്ഞു! എന്നാൽ നമ്മിലോ മാറാലകൾക്കു കൂടുകൂട്ടാനൊരിടമായി അതു മാറിക്കഴിഞ്ഞിരിക്കുന്നു. മലിനത വിമലതയെ കാൽക്കീഴിലമർത്തുമ്പോൾ ഒലിച്ചുപോകാതെ കയ്യെത്തിപ്പിടിക്കാനൊരു കച്ചിത്തുരുമ്പായെങ്കിലും വചനം മാറേണ്ട സമയം അതിക്രമിച്ചു കഴിഞ്ഞു.

എങ്കിൽ ഞാനും നിങ്ങളും ഒരുമിച്ചു ചോദിക്കേണ്ട ഒരു ചോദ്യമുണ്ട്. ക്രിസ്ത്യാനി എന്ന എന്റെ പേരിന്, എന്റെ വ്യക്തിത്വത്തിന്, ഇനിയെങ്കിലും ഒരർത്ഥം വേണ്ടേ...?

സ്വന്തം പേരിന് അർത്ഥം നല്കി ജീവിക്കുന്ന ചില നുറുങ്ങുവെട്ടങ്ങളും ഈ ഭൂമിയിലുണ്ടെന്നത് ആശ്വാസത്തിന് ഇട നല്കുന്നതാണ്. കഴിഞ്ഞ മാസം വിവാഹച്ചടങ്ങുമായി ബന്ധപ്പെട്ട് കോട്ടയത്തു താമസിക്കുന്ന ഒരു ബന്ധുവീട്ടിൽ ഒരാഴ്ച താമസിക്കേണ്ടതായി വന്നു. ചെന്ന ദിവസം വൈകുന്നേരം തങ്ങളുടെ ഇടവകയിൽ നടക്കുന്ന സോണുകൾ തിരിച്ചുള്ള കൂട്ടായ്മാവാർഷികത്തിന് എന്നെയും ക്ഷണിച്ചു. ഞാൻ അപരിചിതനാണെന്നും, കൂട്ടായ്മ പെണ്ണുങ്ങളുടെ പ്രാർത്ഥനാസംഗമമല്ലേ എന്നുമൊക്കെയുള്ള എന്റെ വാദമുഖങ്ങളെയെല്ലാം തട്ടിമാറ്റി, ഇതു ഞങ്ങളുടെ കുടുംബാഘോഷമാണ്, നീ തീർച്ചയായും വരണം എന്ന അവന്റെ നിർബന്ധത്തിന് ഞാനും കീഴടങ്ങി. അവിടെ ചെന്നപ്പോൾത്തന്നെ കുടുംബക്കൂട്ടായ്മയെപ്പറ്റിയുള്ള എന്റെ എല്ലാ തെറ്റദ്ധാരണയുടെ ചെതുമ്പലുകളും അടർന്നുവീണു. പെരുന്നാളിന്റെ ആള്.... മനോഹരമായ ഒരു ഭവനാങ്കണത്തിൽ എല്ലാവരുമൊത്തുകൂടി പ്രാർത്ഥന, ആഘോഷങ്ങൾ, കലാപരിപാടികൾ, അവസാനം വിഭവസമൃദ്ധമായ ഭക്ഷണവും. ഒഴിഞ്ഞ കോണിൽ ഒതുങ്ങിയിരുന്ന് എല്ലാം ആസ്വദിക്കുമ്പോൾ അറിയാതെ പ്രതീക്ഷയുടെ ഒരു നാമ്പ് ഹൃദയത്തിൽ മുളപൊട്ടി. ദൈവമേ! ഇതായിരിക്കില്ലേ നീ വിഭാവനം ചെയ്ത ക്രൈസ്തവകൂട്ടായ്മ. ഈ അനുഭവത്തിലൂടെയാവുമല്ലോ ആദിമക്രൈസ്തവരും കടന്നുപോയിരുന്നത്!

ഒന്നും അറംപറ്റിപ്പോയിട്ടില്ല. ഒന്നു ചിക്കിച്ചികഞ്ഞ് വളമിട്ടാൽ മതി.... എന്റെ ചിന്തകൾ കാടുകയറിക്കൊണ്ടിരുന്നപ്പോൾ തൊട്ടുമുമ്പിൽ നിന്ന് ഒരലർച്ച കേട്ടു: "..... കാണിക്കരുതെടോ" വായിൽവന്ന പുളിച്ച വാക്കുകളെല്ലാം ഛർദ്ദിച്ചിട്ട് ഉഗ്രകോപിയായി നില്ക്കുന്ന ഒരു ചെറുപ്പക്കാരൻ. അയാൾക്കു മുമ്പിൽ വാമനനുമുമ്പിൽ മഹാബലികണക്കേ 'അറിയാതെ പറ്റിപ്പോയതാ, ക്ഷമിക്കണേ' എന്ന് തൊഴുകൈയോടെ നിന്ന് രംഗം തണുപ്പിക്കാൻ ശ്രമിക്കുന്ന മധ്യവയസ്കനും. കാരണം തേടിയിറങ്ങിയപ്പോഴല്ലേ രസം!

കലാപരിപാടികൾ നീണ്ടപ്പോൾ തൊട്ടടുത്തിരുന്ന ഷുഗറുകാരൻ ജോസുചേട്ടനു പരവേശം. അല്പം വെള്ളം കിട്ടിയാൽ കൊള്ളാമെന്ന് അതിയായ ആഗ്രഹം. തന്റെ കൂട്ടുകാരന്റെ ആഗ്രഹപൂർത്തിക്കായി ഒരു ഗ്ലാസ് വെള്ളം എടുക്കാൻപോയ മാത്തുക്കുട്ടിയുടെ കാൽ തിക്കിൽപെട്ട് ഒന്നു വഴുതി, തെന്നി വീണതോ അങ്കംവെട്ടി നേടിയ ബിരിയാണിയുമായി തിരികെ വന്ന ചെറുപ്പക്കാരന്റെ ദേഹത്തും. ഗുരുതരമായി ഒന്നും സംഭവിച്ചില്ലെങ്കിലും പാത്രത്തിൽ വാങ്ങിയ ബിരിയാണി ഒരല്പം നിലത്തുപോയി. രണ്ടു ചുവടു നടന്ന് അല്പംകൂടി വാങ്ങിയാൽ തീരാവുന്ന പ്രശ്നമേയുള്ളൂ എങ്കിലും അയാൾ വിട്ടുകൊടുത്തില്ല. അശ്ലീലവാക്കുകൾ പെരുമഴപോലെ പെയ്തിറങ്ങി. പലരും പിന്തിരിപ്പിക്കാൻ ശ്രമിച്ചെങ്കിലും പോരുകോഴിയെപ്പോലെ നിന്നുപൊരുതി മാത്തുക്കുട്ടിയുടെ കാലം ചെയ്ത കാരണവന്മാരെവരെ അയാൾ തെറിവിളിച്ചു. പലരുടെയും ശ്രമഫലമായി അല്പമൊന്ന് ശാന്തമായി ഭക്ഷണം കഴിച്ച് വിശ്രമിച്ചതിനുശേഷം, അങ്ങു ദൂരെമാറി വിഷണ്ണനായിരിക്കുന്ന മാത്തുക്കുട്ടിയുടെമേൽ അയാൾ വീണ്ടും കുതിരകയറി. എന്നാൽ മാത്തുക്കുട്ടിയോ ശാന്തനായി ക്ഷമാപണം നടത്തിക്കൊണ്ടേയിരുന്നു. പീലാത്തോസിന്റെ അരമനയിൽ തന്നെ ക്രൂശിക്കുവാൻ ഗർജ്ജിക്കുന്ന ജനസമൂഹത്തിനുമുമ്പിൽ നിശബ്ദനായി നില്ക്കുന്ന ഈശോയുടെ മുഖമായിരുന്നു മാത്തുക്കുട്ടിയ്ക്ക് അപ്പോൾ. രംഗം ശാന്തമായപ്പോൾ ഞാൻ പതിയെ മാത്തുകുട്ടിയുടെ സമീപത്തെത്തി തോളിൽ തട്ടി അദ്ദേഹത്തോട് ഇപ്രകാരം പറഞ്ഞു: "ചേട്ടാ, ക്രിസ്തു മരിച്ചിട്ടില്ല, ക്രിസ്ത്യാനിയിലൂടെ അവനിന്നും ജീവിക്കുന്നു എന്ന് ഞാനിപ്പോൾ തൊട്ടറിഞ്ഞു". മാത്തുക്കുട്ടിയുടെ മറുപടി എന്നെ വീണ്ടും അത്ഭുതപ്പെടുത്തി: "തെറ്റ് എന്റെ ഭാഗത്തല്ലേ! ആരാണെങ്കിലും പ്രതികരിച്ചുപോകും. പാവത്തിന് ദേഷ്യമടക്കാൻ കഴിവില്ലായിരിക്കാം. നമുക്കു മറക്കാമെന്നേ...."

മാസം ഒന്നു കഴിഞ്ഞു. ആഘോഷങ്ങളും മറ്റ് ആരവങ്ങളുമെല്ലാം എന്റെ മനസ്സിൽനിന്ന് പടിയിറങ്ങിപ്പോയി. എന്നാൽ ക്ഷമയുടെ മിന്നൽപ്പിണരായി മാറിയ മാത്തുക്കുട്ടിച്ചേട്ടൻ ഇന്നും എന്റെ ഹൃദയത്തിന്റെ കുരിശടിയിൽ കർത്താവിന്റെ വലത്തുഭാഗത്ത് ഉപവിഷ്ടനായിരിക്കുന്നു!

ക്രിസ്തുവിനെ പ്രഘോഷിക്കുക അത്ര നിസ്സാരമായ കാര്യമല്ല. നട്ടെല്ലുള്ള ക്രിസ്ത്യാനിക്കേ അതിനാവൂ. ദൈവദാസൻ വില്യം ജക്വീന്താപിതാവ് അതിനൊരു കുറുക്കുവഴി പറഞ്ഞു തരുന്നുണ്ട്. "അനുദിന ജീവിതത്തിലെ നിസ്സാര കാര്യങ്ങളിൽ വിശ്വസ്തരാകുക". നിസ്സാരകാര്യങ്ങളിൽ എങ്ങനെയാണ് ദൈവസ്നേഹം പ്രഘോഷിക്കാനാവുക? മക്കൾക്ക് നിറയുവോളം ഊട്ടിയിട്ട് മിച്ചംവന്ന രണ്ടുരുള സംതൃപ്തിയോടെ ആഹരിച്ച് ദൈവത്തിനു നന്ദി പറഞ്ഞ് കിടക്കയെ പുല്കുന്ന അമ്മമനസ്സ് നിസ്സാരതയിൽ ദൈവമഹത്ത്വം തൊട്ടറിയുന്നവളല്ലേ? നിസ്സാരതകളെ വലുപ്പത്തിൽ കാണാൻ കഴിയുന്ന ഒരു വിശാലഹൃദയത്തിന്റെ ഉടമയായതുകൊണ്ടാണല്ലോ ഈശോനാഥന് നഷ്ടപ്പെട്ട ഒരാട് ബാക്കി തൊണ്ണൂറ്റൊമ്പതിനെക്കാൾ വിലപ്പെട്ടതായത്! നഷ്ടപ്പെടാതെ സൂക്ഷിക്കുക; നമുക്കുള്ളതും നമുക്കുള്ളവരെയും ദൈവം നമുക്കു ദാനമായി വീതിച്ചു തന്നവയെയും. കൈവിട്ടുപോകുന്നവയൊക്കെയും കരുതലോടെ, കണ്ണുനീരോടെ കൈമുതലാക്കുവാൻ നാം മറന്നുകൂടാ.

കണ്ണുകളിൽ കരുണയുടെയും സ്നേഹത്തിന്റെയും കർപ്പൂരനാളം സൂക്ഷിക്കുന്നവർക്കുമാത്രമേ കരയുന്നവരുടെ കണ്ണീരൊപ്പാനാവൂ. മറ്റൊരു ക്രിസ്തുവായി മാറുവാനാണ് പൗലോസ്ശ്ലീഹായും നമ്മെ നിർബന്ധിക്കുക. മറ്റുള്ളവരുടെ വാക്കിന്റെ പിൻബലംകൊണ്ടോ പ്രശസ്തിയുടെ പൊൻപതക്കങ്ങൾ മോഹിച്ചിട്ടോ ആവരുത് നമ്മുടെ പ്രവർത്തനങ്ങൾ. എല്ലാം ക്രിസ്തുകേന്ദ്രീകൃതമാകട്ടെ, എല്ലാം അവൻ കാണട്ടെ, അവൻ കേൾക്കട്ടെ, അവൻ ആശീർവദിക്കട്ടെ. അങ്ങനെ വന്ധ്യമായ ക്രിസ്തീയത ഫലംചൂടട്ടെ. അതെന്നിലൂടെയാവണമെന്ന വാശി നമുക്കുണ്ടാകട്ടെ.

## ദൈവദാസൻ വില്യം ജക്വീന്താ പിതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

സ്നേഹം തന്നെയായ ദൈവമേ/സകല നന്മകളുടേയും ദാതാവായ പിതാവേ/രക്ഷകനായ മിശിഹായേ/വിശുദ്ധിയുടെ അരൂപിയേ/മനുഷ്യകുലത്തോടുള്ള അവിടുത്തെ അനന്തമായ സ്നേഹത്താൽ/വിശുദ്ധിയിലേക്കുള്ള ക്ഷണം അങ്ങ് നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്നുവല്ലോ./അവിടുത്തെ ദാനങ്ങൾ/ദൈവദാസനായ വില്യം ജക്വീന്താ പിതാവിൽ വിളങ്ങി പ്രശോഭിക്കുവാൻ ഇടയാക്കിയതിനെ ഓർത്ത്/ ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു./അദ്ദേഹം അവിടുത്തെ പുത്രന്റെ അളവറ്റ സ്നേഹം ധ്യാനിക്കുകയും/വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയുടെ അക്ഷീണ പ്രേഷിതനാവുകയും ചെയ്തുവല്ലോ./അങ്ങ് തിരുമനസ്സാകുന്നുവെങ്കിൽ/അദ്ദേഹത്തിൽ അവിടുത്തെ മഹത്ത്വം വെളിപ്പെടുത്തണമെന്നും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം വഴിയായി ഞങ്ങൾ അപേക്ഷിക്കുന്ന ഈ കൃപ/....................ഞങ്ങൾക്കു നൽകണമെന്നും അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

**പ്രാർത്ഥന ആവശ്യപ്പെടാനും ലഭിച്ച അനുഗ്രഹങ്ങൾ സാക്ഷ്യപ്പെടുത്താനും അന്വേഷണങ്ങൾക്കും**

**Apostolic Oblates**
Spirituality Centre,
Manganam P.O.,
Kottayam - 686 018
Ph: 9497588192



# പ്രതീകങ്ങളിലൂടെ

ഡോ. അനു കുരിശുംമൂട്ടിൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

***"സീയോനിലേക്ക്, തിന്മകളിൽനിന്നു പിന്തിരിഞ്ഞ യാക്കോബിന്റെ സന്തതികളുടെ അടുക്കലേക്ക്, കർത്താവ് രക്ഷകനായി വരും. കർത്താവ് അരുളിച്ചെയ്യുന്നു: ഞാൻ അവരുമായി ചെയ്യുന്ന ഉടമ്പടി ഇതാണ്; നിന്റെ മേലുള്ള എന്റെ ആത്മാവും, നിന്റെ അധരങ്ങളിൽ ഞാൻ നിക്ഷേപിച്ച വചനങ്ങളും നിന്റെയോ നിന്റെ സന്താനങ്ങളുടെയോ അവരുടെ സന്താനങ്ങളുടെയോ അധരങ്ങളിൽനിന്ന് ഇനിയൊരിക്കലും അകന്നുപോകുകയില്ല. കർത്താവാണ് ഇത് അരുളിച്ചെയ്യുന്നത്"*** (ഏശ 59,20-21)

***"എന്തെന്നാൽ ഭീരുത്വത്തിന്റെ ആത്മാവിനെയല്ല ദൈവം നമുക്ക് നല്കിയത്. ശക്തിയുടെയും സ്നേഹത്തിന്റെയും ആത്മനിയന്ത്രണത്തിന്റെയും ആത്മാവിനെയാണ്"*** (2 തിമോ 1,7).

**അ**ളവുകളില്ലാതെ ആത്മാവിനെ നല്കി നമ്മെ അനുഗ്രഹിച്ച ദൈവത്തിന്റെ രക്ഷാകര കർമ്മങ്ങളുടെ അത്യുച്ചകോടിയാണ് പന്തക്കുസ്തായിൽ സംഭവിച്ചത്. ഈശോമിശിഹായുടെ രക്ഷാകര സഹനങ്ങൾ ഫലപ്രാപ്തിയിലെത്തിക്കുന്നത് 'പാറക്ലേത്താ' (ഒരുവന്റെ പക്ഷത്തേക്കു വിളിക്കപ്പെട്ടവൻ) നമ്മുടെ പക്ഷത്തായിരിക്കുമ്പോഴാണ്. ദൈവത്തിന്റെ കൂടാരവും അവിടുത്തെ വാസസ്ഥലവുമായി വിശുദ്ധിയുടെ അരൂപി, റൂഹാദ്ക്കുദ്ശാ, നമ്മെ രൂപാന്തരപ്പെടുത്തുന്നു. ശ്ലീഹാക്കാലം ഈ രൂപാന്തരപ്പെടലിന്റെ ആഴങ്ങളെ, അർത്ഥതലങ്ങളെ കൂടുതൽ ധ്യാനിക്കാൻ നമ്മെ ക്ഷണിക്കുന്ന കാലമാണ്.

**ജലം:** പരിശുദ്ധാത്മാവിന്റെ സൂചിപ്പിക്കാനായി വിശുദ്ധഗ്രന്ഥവും സഭാപിതാക്കന്മാരും അനേകം പ്രതീകങ്ങളുപയോഗിക്കുന്നുണ്ട്. അതിൽ പ്രധാനപ്പെട്ട ഒന്നാണ് ജലം. "ജലത്തിന്റെ പ്രതീകാത്മകത മാമോദീസായിൽ പരിശുദ്ധാത്മാവ് നടത്തുന്ന പ്രവർത്തനത്തെ സൂചിപ്പിക്കുന്നു. നമ്മുടെ പ്രഥമ ജനനത്തിനു മുമ്പ് നാം ഗർഭത്തിൽ സംവഹിക്കപ്പെട്ടത് ജലത്തിലായിരുന്നു. അതുപോലെ ദൈവികജീവനിലേക്കുള്ള നമ്മുടെ ജനനം നമുക്കു പരിശു

ദ്ധാത്മാവിലാണ് നല്കപ്പെടുന്നതെന്ന് മാമോദീസാജലം യഥാർത്ഥത്തിൽ സൂചിപ്പിക്കുന്നു" (CCC 694). പരിശുദ്ധാത്മാവാകുന്ന ജലം എവിടെനിന്നു പുറപ്പെടുന്നു എന്നത് ഇതിന്റെ അർത്ഥതലങ്ങളെ കൂടുതൽ ദീപ്തമാക്കുന്നു. ക്രൂശിതനായ മിശിഹായുടെ പാർശ്വത്തിൽനിന്നൊഴുകിയ (യോഹ 19,34) തിരുജലമാണ് പരിശുദ്ധാത്മാവ്.

പരിശുദ്ധാത്മാവിനെ സ്വീകരിച്ച് ദൈവമക്കളായിത്തീർന്ന ക്രൈസ്തവമക്കൾ എത്രത്തോളം വിലയുള്ളവരാണെന്ന് ഇതു നമ്മെ ഓർമ്മിപ്പിക്കുന്നു. സ്വത്വബോധം വീണ്ടെടുക്കാത്തിടത്തോളം കനലായിത്തീരേണ്ട നമ്മുടെ ജീവിതം ചാരത്താൽ മൂടപ്പെട്ടു കിടക്കും. കുടുംബജീവിതത്തിന്റെ പച്ചയായ യാഥാർത്ഥ്യങ്ങളിൽ ലോകത്തിന്റെ അരൂപി ദൈവമക്കളെ ചൂഴ്ന്നുനില്ക്കാനുള്ള അപകടങ്ങൾ ഇന്നേറെയാണ്. പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾ എന്നിൽ സജീവമായി നിലനില്ക്കുന്നുണ്ടോ എന്നറിയാൻ ദൈവസ്നേഹം എന്നെ ഭരിക്കുന്നുണ്ടോ, നിയന്ത്രിക്കുന്നുണ്ടോ, എന്നു നിരന്തരം വിലയിരുത്തേണ്ടത് അത്യന്താപേക്ഷിതമാണ്. അത്യഗാധമായ എളിമയും അനുതാപവും പരിശുദ്ധാത്മാവിനാൽ നിറയപ്പെടേണ്ടവരുടെ വിശിഷ്ട പുണ്യങ്ങളാണ്. നിരന്തരം നവീകരിക്കപ്പെടേണ്ട പാപമയമായ പ്രകൃതിയാണ് തന്റേത് എന്ന തിരിച്ചറിവും പരിശുദ്ധാത്മ അഭിഷേകത്തിന്റെ പ്രതിഫലനം തന്നെ. നിരന്തരം കഴുകപ്പെടാൻ, ശുദ്ധീകരിക്കപ്പെടാൻ സ്വയം വിട്ടുകൊടുത്ത് ആത്മനവീകരണം വഴി വിശുദ്ധിയുടെ വസ്ത്രമണിയാൻ പരിശുദ്ധാത്മാവ് നിരന്തരം നമ്മെ ക്ഷണിക്കുന്നു. അങ്ങനെ ജീവന്റെ ഫലങ്ങൾ പുറപ്പെടുവിക്കുന്ന ആത്മീയരായി നമുക്കു വീണ്ടും ജനിക്കാം.

**അഗ്നി**: പരിശുദ്ധാത്മാവിന്റെ സവിശേഷമായ മറ്റൊരു പ്രതീകമാണ് അഗ്നി. നിരന്തരം രൂപാന്തരം വരുത്തുന്ന ഊർജ്ജത്തെ അതു സൂചിപ്പിക്കുന്നു. പരിശുദ്ധാത്മാവിന്റെ നിറവുള്ളവന് തൊടുന്നതിനെയെല്ലാം രൂപാന്തരപ്പെടുത്തുവാനുള്ള കഴിവുണ്ട്. അശുദ്ധിയെ കത്തിച്ചു ചാമ്പലാക്കാൻ ആത്മനിറവുള്ള ക്രൈസ്തവനു സാധിക്കും. വ്യക്തമായ ഉദാഹരണങ്ങൾ വിശുദ്ധഗ്രന്ഥത്തിൽ വെളിവാക്കുന്നുണ്ട്. ശിഷ്യന്മാരുടെമേൽ പരിശുദ്ധാത്മാവ് അഗ്നിനാളമായി വന്നപ്പോൾ ഭയം ധൈര്യമായി; അജ്ഞത ജ്ഞാനമായി; അലസതയും അവിശ്വാസവും വെടിഞ്ഞ് ധീരപ്രഘോഷകരായി; വാക്കുകൾ ഔഷധമായി; സാന്നിധ്യം സാന്ത്വനമായി....

എന്നിൽ ആത്മാവ് ഇറങ്ങിവന്നിട്ട്, എന്നെ വീണ്ടും ജനിപ്പിച്ച് ദൈവമകനാക്കിയിട്ട്/മകളാക്കിയിട്ട് എന്നിലൂടെ ആത്മഫലങ്ങളാണോ പുറപ്പെട്ടത്? എന്നെ ശുദ്ധീകരിക്കാനും വിശുദ്ധിയുടെ ഒരു സ്ഫുരണമാക്കിത്തീർക്കാനും തക്കവിധം അഗ്നിയാകുന്ന പരിശുദ്ധാത്മാവിന്റെ പ്രവർത്തനം എന്നിലുണ്ടായോ?

പരിശുദ്ധാത്മാവിനോടു നമുക്കു പ്രാർത്ഥിക്കാം: ആത്മവിശുദ്ധി വരുത്തി ഒരു അഗ്നിയായി വീണ്ടും വീണ്ടും എന്നിൽ പെയ്തിറങ്ങണമേ. അങ്ങനെ ഞാൻ ജ്വലിക്കുന്ന നാളമായി, വിശുദ്ധിയുടെ കനലായി മാറട്ടെ!

*"ഈശോമിശിഹായെ നമുക്കു ബഹുമാനിക്കണമെന്നുണ്ടെങ്കിൽ, അവിടുത്തെ അറിയുകയും സ്നേഹിക്കുകയും സകല ക്രിസ്തീയപുണ്യങ്ങളും അഭ്യസിക്കുകയും വേണം. രക്ഷയ്ക്ക് ഇത് അത്യാവശ്യമാണ്. മിശിഹായെ അറിയുകയും സ്നേഹിക്കുകയും ചെയ്യാതെ നാം യഥാർത്ഥ ക്രിസ്ത്യാനികളാകുന്നില്ല".*

(മിശിഹാനുകരണം)

# എന്റെ കർത്താവേ, എന്റെ ദൈവമേ!

സ്നേഹത്തിൽ സന്ദേശ വാഹകനായിട്ടും
ശ്രീയേശു നാഥന്റെ ശിഷ്യരിൽ ഉത്തമൻ
കർത്താവിൻ  പീഡകൾ കണ്ടു ഭയക്കാതെ
കൂടെ മരിച്ചിടാൻ ആഗ്രഹമോതിയോൻ.
ഗുരുവിൻ മരണത്തിൽ അസ്വസ്ഥരായൊരാ
ശിഷ്യഗണത്തിലൊരുവനോ  ധീരനായ്.
ഏകനായി യാത്ര കഴിഞ്ഞവനെത്തുമ്പോൾ
നൈരാശ്യമേറുന്ന ദൂത് ഒന്ന് കേൾക്കുന്നു.
എന്തേയെൻ നാഥൻ ഞാൻ ഇല്ലാ നേരത്ത്
വന്നുപോയ് കഷ്ടം ഞാനെന്തിനി ചെയ്തിടും.
കാണണമാ ദിവ്യരൂപം എനിക്ക് പിന്നാ
മേനിയിൽ മുറിവത് തൊട്ടറിഞ്ഞീടണം.
എങ്കിലെൽ വിശ്വാസം ദീപ്തമായിടുമെൻ
സ്വന്തമായി തീർന്നിടും ആ ദിവ്യ സ്നേഹവും.
വാശിപിടിച്ചു വിലപിച്ചു നിൽക്കുമാ
നേരത്തു ദിവ്യ പ്രഭാപൂരമെന്ന്യേ
മൃദുവായി കേട്ടൊരു നാദവും "തോമായേ
വന്നു നീ കാണുവിൻ തൊട്ടറിഞ്ഞീടുക".
ശക്തി ധരിച്ചവനുച്ചത്തിൽ ഘോഷിച്ചു:
"നീ എന്റെ കർത്താവും എന്നുടെ ദൈവവും".
നാഥാ ഞാൻ പോയിടാം വചനം പകർന്നിടാൻ
വിശ്വാസ ദീപത്തിൽ വിത്തുകൾ പാകിടാം.
മൗനമായി നാഥനു നൽകിയ വാഗ്ദാനം
പാലിച്ചു വന്നെത്തി ഭാരത മണ്ണിലും.
ഭാഷയും സംസ്കാര വേഷഭൂഷാദിക-
ളൊക്കെയും അന്യമാണെങ്കിലും  ധീരനായി.
ഏഴര പള്ളികൾ ഏറെ സമൂഹവും
നാഥനായി തീർത്തവൻ സംപ്രീതനെങ്കിലും,
നാടുവാണീടുന്നോർക്കപ്രിയമേറെയായി
നാട് മുടിഞ്ഞീടുമെന്നൊരു ചിന്തയാൽ
ദുഷ്ടതയേറിയ ശത്രു വന്നെത്തിയാ
ശൂലമുനകളാൽ പ്രാണനെടുത്തവർ!
രണവീര നായകനായിടും താതാ നിൻ
രുധിരം ചൊരിഞ്ഞൊരി ഭാരത മണ്ണിന്റെ
പാപമകറ്റി വിശുദ്ധി പകർന്നിടാൻ
മാർ തോമാ, താതാ നിൻ പ്രാർത്ഥനയേകണേ.
ഈശോമിശിഹായ്ക്കു  സാക്ഷ്യമണച്ചിവർ
ഈ ലോക ജീവിതം ധന്യമാക്കീടുവാൻ
പ്രാർത്ഥനയേകണേ നിത്യവും കാക്കണേ
ആത്മാഭിഷേകവും ദാനവരങ്ങളും
മക്കൾക്കു നൽകുവാൻ മധ്യസ്ഥമേകണേ.



**അനിത ആത്രശ്ശേരിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**



# യഹോറാം

**ഷിജി പറപ്പള്ളിയാത്ത്**

യൂദാ രാജാവായിരുന്ന യഹോഷാഫാത്തിനുശേഷം മകൻ യഹോറാം രാജാവായി. തന്റെ മക്കൾക്ക് അമൂല്യവസ്തുക്കളും സമ്പത്തും യൂദായിലെ സുരക്ഷിത നഗരങ്ങളും യഹോഷാഫാത്ത് നല്കി. എന്നാൽ ആദ്യജാതനായിരുന്ന യഹോറാമിന് രാജസ്ഥാനം നല്കിയനുഗ്രഹിച്ചു. യഹോറാം ഭരണം തുടങ്ങുമ്പോൾ അവന് മുപ്പത്തിരണ്ടു വയസ്സായിരുന്നു. ഇസ്രായേൽ രാജാവായ ആഹാബിന്റെ മകൾ അത്താലിയ ആയിരുന്നു അവന്റെ ഭാര്യ. അതിനാൽ തന്നെ അവൻ ആഹാബിന്റെ വഴിയേ ചരിച്ചു. രാജസ്ഥാനം ഭദ്രമായപ്പോൾ അവൻ തന്റെ ശ്രേഷ്ഠരായ സഹോദരങ്ങളെയും ഇസ്രായേലിലെ ചില പ്രമുഖന്മാരെയും വാളിനിരയാക്കി. അധികാരമോഹം അവനെ സോദരഘാതകനാക്കി! ദുർമോഹം ഉള്ളിൽ കുരുത്താൽ അത് ഫലം ചൂടുന്നത് എപ്രകാരമാണ്? വാളെടുക്കാൻ മടി കാണിക്കില്ല! തന്റെ മുന്നിലെത്തുന്നവർ സഹോദരങ്ങളാണെന്ന തിരിച്ചറിവുണ്ടാവില്ല!! നന്മയെ ഇല്ലായ്മ ചെയ്യുക മാത്രമേ അവനു വേണ്ടൂ. സാവധാനം യൂദാമലമ്പ്രദേശത്ത് അവൻ പൂജാഗിരികൾ നിർമിക്കുകയും ജറുസലേം നിവാസികളെ അവിശ്വസ്തതയിലേക്കു നയിക്കുകയും ചെയ്തു. അവന്റെ പിതാവായ യഹോഷാഫാത്തും പിതാമഹനായ ആസായും യൂദായെ ദൈവമായ കർത്താവിലേക്കു തിരിച്ചപ്പോൾ, യഹോറാം അവരെ വഴിതെറ്റിച്ചവനായിത്തീർന്നു.

അഷേരാ പ്രതിഷ്ഠയും വിജാതീയ പൂജാഗിരികളും നീക്കം ചെയ്ത്, ഉപദേഷ്ടാക്കളെയും പുരോഹിതന്മാരെയും നിയമിച്ച് ദൈവജനത്തെ വാർത്തെടുത്ത പിതാക്കന്മാരുടെ മകനായിരു

ന്നില്ല യഹോറാം. അക്രമിയും കൊലപാതകിയും ശത്രുതയുടെ ആൾരൂപവുമായി അവൻ നില കൊണ്ടു. കർത്താവിന്റെ മുമ്പിൽ അവൻ തിന്മ പ്രവർത്തിച്ചു. എങ്കിലും കർത്താവ് തന്റെ ദാസനായ ദാവീദിനെപ്രതി അവനെ നശിപ്പിച്ചില്ല.

യഹോറാമിന്റെ കാലത്ത് യൂദാമേൽക്കോയ്മക്കെതിരെ മത്സരിച്ച് ഏദോമ്യർ സ്വന്തമായി ഒരു രാജാവിനെ വാഴിച്ചു. അപ്പോൾ യഹോറാം രഥസൈന്യങ്ങളോടുകൂടി സയീറിലേക്കു കടന്ന് രാത്രിയിൽ അവരെ ആക്രമിച്ചു. എന്നാൽ യൂദാസൈന്യം തോറ്റു പിൻവാങ്ങുകയാണ് ഉണ്ടായത്. ലിബ്നായും ഫെലിസ്ത്യരും യഹോറാമിന്റെ ഭരണത്തെ എതിർക്കുകയും അവരോട് യുദ്ധത്തിൽ ഏർപ്പെടുകയും ചെയ്തു. അവിടെയൊക്കെ അടിക്കടി പരാജയമാണ് യഹോറാമിനെ തേടിയെത്തിയത്. തന്റെ പിതാക്കന്മാരുടെ ദൈവത്തെ ഉപേക്ഷിച്ചതിനാലാണ് അവനു തോൽവി സമ്മതിക്കേണ്ടി വന്നത്.

അങ്ങനെയിരിക്കെ ഏലിയാ പ്രവാചകന്റെ കത്ത് അവനു ലഭിച്ചു. പിതാക്കന്മാരുടെ മാർഗത്തിൽ നിന്ന് പിന്തിരിയുകയും ഇസ്രായേൽ രാജാക്കന്മാരെപ്പോലെ ജനത്തെ അവിശ്വസ്തതകളിലേക്കു നയിക്കുകയും സഹോദരങ്ങളെ കൊന്നുകളയുകയും ചെയ്തതിനു പകരമായി യഹോറാമിന്റെ ജനത്തിനും കുടുംബത്തിനും മഹാമാരി വന്നുഭവിക്കുമെന്നും യഹോറാമിന്റെ കുടലിൽ കഠിനരോഗമുണ്ടാകുമെന്നുമുള്ള മുന്നറിയിപ്പായിരുന്നു അതിന്റെ ഉള്ളടക്കം (2 ദിന 21,12–15). നിന്നിലെയും എന്നിലെയും നന്മയും കൃപയും അപരന്റെ ഉത്കർഷത്തിനായി വിനിയോഗിക്കപ്പെട്ടാൽ വീടിനും നാടിനും ഉപരിനന്മയായിത്തീരുമെന്ന് പറയാതെ പറയുന്ന യാഥാർത്ഥ്യമാണിവിടെ കാണുക. ജീവനും മരണവും നന്മയും തിന്മയും മുമ്പിലുണ്ടെങ്കിൽ അതിൽ ഏത് തിരഞ്ഞെടുക്കണമെന്ന സ്വാതന്ത്ര്യം വ്യക്തിപരമാണ്.

യഹോറാമിന്റെ ജീവിതം പിന്നീടങ്ങോട്ട് പരാജയത്തിലേക്കു നിപതിക്കുകയാണ് ഉണ്ടായത്. കാരണം യൂദായുടെ സമീപത്തു വസിച്ചിരുന്ന ഫിലിസ്ത്യരിലും അറബികളിലും കർത്താവ് യഹോറാമിനെതിരെ ശത്രുത ഉളവാക്കി. അവർ യൂദായെ ആക്രമിച്ച് കൊട്ടാരത്തിലെ സർവസമ്പത്തും കൈക്കലാക്കി. യഹോറാമിന്റെ ഭാര്യമാരെയും മക്കളെയും അവർ തടവുകാരാക്കി. രണ്ടു വർഷത്തിനുശേഷം കർത്താവ് അറിയിച്ചതുപോലെ യഹോറാമിന്റെ കുടലിലെ രോഗം മൂർച്ഛിക്കുകയും കുടൽ പുറത്തുചാടി കഠിനവേദനയാൽ അവൻ മരണമടയുകയും ചെയ്തു. കേവലം എട്ടുവർഷമാണ് യഹോറാം യൂദായെ ഭരിച്ചത്. അവന്റെ വേർപാടിൽ ആരും ദുഃഖിച്ചില്ല. ദാവീദിന്റെ നഗരത്തിൽ അവൻ സംസ്കരിക്കപ്പെട്ടെങ്കിലും രാജാക്കന്മാരുടെ കല്ലറ അവന് നിഷേധിക്കപ്പെട്ടു. അവന്റെ പിതാക്കന്മാർക്കുവേണ്ടി നടത്തിയതുപോലെ ജനം തീക്കൂന കൂട്ടുകയോ വിലാപദിനമാചരിക്കുകയോ ചെയ്തില്ല. മരണനേരത്തും മനുഷ്യത്വപരമായ അവകാശങ്ങൾ നിഷേധിക്കപ്പെട്ട രാജാവ്. ഭൂമിയിൽ എത്രകാലം ജീവിച്ചു എന്നതല്ല; എപ്രകാരം ജീവിച്ചു എന്നതാണ് ഒരുവനെ ശ്രേഷ്ഠനാക്കുന്നത്.

***യഹോറാമിന്റെ ജീവിതസൂചിക:***

- ***ദൈവത്തെ പടിയിറക്കിയാൽ ദൈവം ജീവിതത്തിൽ നിന്നും പടിയിറങ്ങും.***
- ***അപരന്റെ ജീവനെ ആദരിക്കുക; കൈത്താങ്ങാകുക.***
- ***ദൈവത്തോടു വിശ്വസ്തത പുലർത്തുന്ന ജീവിതം ശ്രേഷ്ഠമാണ്.***
- ***വിശ്വാസം സംരക്ഷിക്കുവാനും കൈമാറുവാനും കടമയുണ്ട്.***
- ***ദൈവം കൂടെയുണ്ടെങ്കിൽ ജീവിതം പരാജയം നേരിടുകയില്ല.***
- ***പരിഹാരജീവിതം അത്ഭുതങ്ങൾ നിറയ്ക്കും.***




**റവ. ഡോ. തോമസ് വടക്കേൽ**
**പാലാ രൂപത**

**'ലൗ**ദാത്തോ സീ' (അങ്ങേയ്ക്കു സ്തുതി) എന്ന ചാക്രികലേഖനത്തിന്റെ അഞ്ചാം അദ്ധ്യായത്തിൽ പ്രകൃതിയുടെ വളർച്ചയ്ക്ക് ഉതകുന്ന കാര്യങ്ങളെക്കുറിച്ചുള്ള സംവാദത്തിന്റെ പ്രധാന മാർഗങ്ങളെക്കുറിച്ച് ഒരു രൂപരേഖ തയ്യാറാക്കുവാൻ ഫ്രാൻസിസ് പാപ്പ പരിശ്രമിക്കുകയാണ്. പ്രകൃതിയുടെ നന്മയ്ക്കുവേണ്ടി നമുക്ക് എന്തു ചെയ്യാനാകുമെന്നും നാം എപ്രകാരം അതിനായി പ്രവർത്തിക്കണമെന്നുമുള്ള ചോദ്യത്തെയാണ് ഇവിടെ പ്രധാനമായും അഭിമുഖീകരിക്കുന്നത്.

**1. പരിസ്ഥിതിസംവാദം അന്തർദ്ദേശീയ സമൂഹത്തിൽ**

നമ്മുടെ ഗ്രഹം ഒരു മാതൃഭൂമിയാണ്. മാനവകുലം ഒരു പൊതുഭവനത്തിൽ വസിക്കുന്ന ഏക ജനതയാണ്. പരസ്പരാശ്രിതമായ ഒരു ലോകമാണിത്. അക്കാരണത്താൽ പൊതുവായ ഒരു പദ്ധതിയോടുകൂടിയ ഏക ലോകത്തെക്കുറിച്ച് ചിന്തിക്കുവാൻ നാം ബാധ്യസ്ഥരാണ്. നമ്മുടെ പരസ്പരാശ്രയത്വം അതിനു നമ്മെ നിർബന്ധിക്കുന്നുണ്ട്. ഏതാനും ചില രാജ്യങ്ങളുടെ താല്പര്യങ്ങളെ മാത്രം സംരക്ഷിക്കുന്ന ആഗോളതല കാഴ്ചപ്പാടിൽനിന്ന് എല്ലാവരെയും കേൾക്കുന്ന,

പരിഗണിക്കുന്ന, കരുതുന്ന ഒരു ശൈലിയിലേക്ക് നാം മാറേണ്ടതുണ്ട്. തനതു രാജ്യങ്ങളുടെ ഭാഗത്തുനിന്നുള്ള ഏകപക്ഷീയമായ പ്രവർത്തനങ്ങൾക്കൊണ്ട് പരിഹരിക്കാനാവാത്ത ഗഹന മായ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നതിന് ആഗോളതലത്തിലുള്ള അഭിപ്രായ ഐക്യം അത്യ ന്താപേക്ഷിതമാണ്.

ഭൂമി മുഴുവന്റെയും പാരിസ്ഥിതിക ഘടന സംരക്ഷിക്കുന്ന കാര്യത്തിൽ അന്താരാഷ്ട്ര സഹകരണം, മലിനീകരണത്തിന് കാരണക്കാരാകുന്നവർ അതിന്റെ പരിണിത ഫലങ്ങളുടെ ചെലവുകൾകൂടി ഏറ്റെടുക്കാനുള്ള ബാധ്യത, പരിഗണനയിലുള്ള പദ്ധതികളുടെ പ്രവർത്തനം ഉണ്ടാക്കാൻ ഇടയുള്ള പാരിസ്ഥിതിക ആഘാതം നിർണയിക്കാനുള്ള കർത്തവ്യം തുടങ്ങിയവ 1992 ൽ റിയോ ദി ജനീറോയിലെ ഭൗമ ഉച്ചകോടിയിൽ തീരുമാനമായെങ്കിലും പ്രായോഗികത യിൽ വരുത്തുവാൻ കാര്യമായ ശ്രമങ്ങളുണ്ടായില്ല. പദ്ധതികൾ ഫലപ്രദമായി നടപ്പിൽ വരു ത്തേണ്ടതുണ്ട്. സുസ്ഥിര വികസനത്തെക്കുറിച്ചുള്ള പദ്ധതികൾ രൂപംകൊള്ളുന്നുണ്ടെങ്കിലും (യു. എൻ. കോൺഫറൻസ് റിയോ +20) അവയൊന്നും വേണ്ടവിധം ഫലവത്താക്കുന്നില്ല എന്നതു ഖേദകരമാണ്.

ആഗോളതാപനത്തിനു കാരണമായ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന മാർഗങ്ങൾ, മലി നീകരണ ഹേതുവായ വാതകങ്ങൾ പുറന്തള്ളുന്നതു കുറയ്ക്കുന്നതിനുള്ള നയങ്ങൾ, സമുദ്ര മാലിന്യങ്ങൾ കുറയ്ക്കുന്നതിനുള്ള മാർഗങ്ങൾ തുടങ്ങിയവ രൂപീകരിക്കുന്നതിനോടൊപ്പം ദരി ദ്രരാജ്യങ്ങളുടെ ദാരിദ്ര്യാവസ്ഥ ഉന്മൂലനം ചെയ്യുന്ന നയങ്ങളും പദ്ധതികളും കൂടി പ്രോത്സാ ഹിപ്പിക്കേണ്ടതും അവയ്ക്കു മുൻഗണന കൊടുക്കേണ്ടതുമാണ്. വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ മുമ്പു ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ ഭക്ഷ്യസുരക്ഷ നടപ്പിൽ വരുത്തുകയും പരി സ്ഥിതി സംരക്ഷണം ഉറപ്പുവരുത്തുകയും സമാധാനം കൈവരിക്കുകയും ചെയ്യണം നാം.

**2. ദേശീയവും പ്രാദേശികവുമായ പുതിയ നയങ്ങൾക്കുവേണ്ടിയുള്ള സംവാദം**

പരിസ്ഥിതിയോടും സാമ്പത്തിക വികസനത്തോടും ബന്ധപ്പെട്ട പ്രശ്നങ്ങൾ കൈകാര്യം ചെയ്യുമ്പോൾ ഓരോ രാഷ്ട്രത്തിനും തങ്ങൾക്കുള്ള ഉത്തരവാദിത്വം അവഗണിക്കാനാവില്ല. പൊതുനന്മയുടെ വെളിച്ചത്തിൽ അനുവദനീയമായ പെരുമാറ്റത്തിനുള്ള ചട്ടങ്ങൾ നിർണയി ക്കുന്ന നിയമമാണ് മേൽനോട്ടം വഹിക്കലിന്റെയും ഏകോപനത്തിന്റെയും കാര്യത്തിൽ നമ്മുടെ ആധികാരിക സ്രോതസ്സ്. പൊതുനന്മ ലക്ഷ്യമാക്കി പ്രവർത്തിക്കുമ്പോൾ ഏറെക്കാര്യങ്ങൾ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. ഊർജ്ജസംരക്ഷണോപാധികൾ പ്രോത്സാഹിപ്പിക്കുക, അസം സ്കൃതവസ്തുക്കളുടെ ഏറ്റവും പരിമിതമായ ഉപയോഗം നടത്തുക, പരമാവധി ഊർജ്ജക്ഷമ തയുള്ള വ്യവസായോത്പാദനത്തെ പ്രോത്സാഹിപ്പിക്കുക, മലിനീകരണ ക്ഷമതകൂടിയ ഉല്പ ന്നങ്ങൾ വിപണിയിൽനിന്നു മാറ്റുക, ഗതാഗത സംവിധാനങ്ങൾ പരിഷ്കരിക്കുക, കാർഷിക സാങ്കേതികതയിൽ മുതൽ മുടക്കുക തുടങ്ങിയവയൊക്കെ ഇതിലുൾപ്പെടുന്നു.

**3. തീരുമാനങ്ങൾ എടുക്കുന്ന പ്രക്രിയയിൽ സംവാദവും സുതാര്യതയും**

ബിസിനസ് സംരംഭങ്ങളും മറ്റു പദ്ധതികളും ആവിഷ്കരിക്കുമ്പോൾ പാരിസ്ഥിതിക പ്രത്യാ ഘാതങ്ങളെക്കുറിച്ച് നന്നായി പഠിക്കേണ്ടതുണ്ട്. ആനുകൂല്യങ്ങൾക്കു പ്രത്യുപകാരമായി മറച്ചു വയ്ക്കുന്ന അഴിമതിയുടെ വിവിധ രൂപങ്ങൾ മാറേണ്ടതുണ്ട്. പാരിസ്ഥിതിക പ്രത്യാഘാതങ്ങ ളെക്കുറിച്ചുള്ള വിലയിരുത്തൽ ആദ്യംമുതൽത്തന്നെ പ്രക്രിയയുടെ ഭാഗമാകണം. പൊതുന ന്മയെ പ്രതികൂലമായി ബാധിക്കുന്ന തരത്തിലുള്ള യാതൊരുവിധ പദ്ധതികളും പ്രോത്സാഹി

പ്പിക്കരുത്. അപകടസാദ്ധ്യതകളും പ്രയോജനങ്ങളും മുൻകൂട്ടിക്കണ്ട് താരതമ്യം ചെയ്ത് അതിന്റെ അടിസ്ഥാനത്തിൽ തീരുമാനങ്ങൾ കൈക്കൊള്ളണം. പരിഗണനയിലുള്ള ഒരു സംരംഭത്തെക്കുറിച്ചു നടത്തുന്ന ഏതൊരു ചർച്ചയിലും അത് യഥാർത്ഥത്തിലുള്ള സമഗ്രവികസനത്തിന് സംഭാവന നല്കുന്നതാണോ എന്നു വിവേചിച്ചറിയണം. പരിഗണിക്കപ്പെടേണ്ട ഏക മാനദണ്ഡം ലാഭമല്ല; മറിച്ച് പൊതുനന്മയാണ്.

**4. മാനവിക സാക്ഷാത്കാരത്തിനുവേണ്ടിയുള്ള സംവാദത്തിൽ രാഷ്ട്രീയവും സമ്പദ്‌വ്യവസ്ഥയും**

മനുഷ്യജീവനു വിലകല്പിച്ചുകൊണ്ടായിരിക്കണം രാഷ്ട്രീയവും സമ്പദ്‌വ്യവസ്ഥയും പ്രവർത്തിക്കേണ്ടത്. ഇവ തമ്മിലുള്ള നിർവാജ്യമായ സംവാദത്തിൽ ഏർപ്പെടണം. ഏതു വിധേയനയും ബാങ്കുകളെ രക്ഷപെടുത്താൻ ശ്രമിക്കുമ്പോൾ പൊതുജനങ്ങൾ അതിന്റെ വില കൊടുക്കേണ്ടിവരുന്നുണ്ട്. പുതിയ സമ്പദ്‌വ്യവസ്ഥ വികസിപ്പിക്കാൻ പരിശ്രമിക്കുമ്പോൾ കാലഹരണപ്പെട്ട മാനദണ്ഡങ്ങൾ ഒരു പുനർവിചിന്തനത്തിന് വിധേയമാക്കേണ്ടതുണ്ട്. ചിലവുകളുടെയും ലാഭത്തിന്റേതുമായ സാമ്പത്തിക കണക്കുകൂട്ടലുകളുടെ അടിസ്ഥാനത്തിൽമാത്രം പാരിസ്ഥിതിക സംരക്ഷണം ഉറപ്പുവരുത്താനാവില്ല. ലാഭമല്ല പ്രധാനം; ഭാവിതലമുറയുടെ ജീവിതമാണ് സുപ്രധാനം. ഉത്പാദനത്തിന്റെ വർദ്ധനവ് ഭാവിവിഭവങ്ങളുടെയോ പരിസ്ഥിതിയുടെ ആരോഗ്യത്തിന്റെയോ ചെലവിലാണോ എന്ന കാര്യം ആത്മശോധന ചെയ്യണം.

**5. മതങ്ങൾ ശാസ്ത്രവുമായി സംവാദത്തിൽ**

ഭൂമിയിൽ അധിവസിക്കുന്ന ഭൂരിഭാഗം പേരും മതവിശ്വാസികളാണ്. പ്രകൃതിയെ സംരക്ഷിക്കുന്നതിനും ദരിദ്രരെ പരിപാലിക്കുന്നതിനും ആദരവിന്റെയും സാഹോദര്യത്തിന്റെതുമായ ശൃംഖലകൾ നിർമ്മിക്കുന്നതിനുവേണ്ടി മതങ്ങൾ തമ്മിൽ സംവാദത്തിലേർപ്പെടണം. വിവിധ ശാസ്ത്രങ്ങൾ തമ്മിലും സമാനമായ സംവാദങ്ങൾ ആവശ്യമാണ്. ആശയപരമായ സംഘടനകൾക്കപ്പുറം പരസ്പര ആദരവോടുകൂടിയ സംവാദങ്ങൾ വേണം. ക്ഷമയും സ്വശിക്ഷിതത്വവും ഉദാരതയും മനസ്സിൽ വേണം.




## നിന്നെയും വിളിക്കുന്നു.....

- നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....
- വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തിലൂടെ പങ്കുവയ്ക്കുവാൻ....
- കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യമക്കളെ കൂട്ടിക്കൊണ്ടുവരാൻ....

**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ ഒരു ജീവിതം....**

**Vocation Promoter, Apostolic Oblates, Spirituality Centre**
**Manganam P.O., , Kottayam - 686 018, Ph: 9400573640**

# ആശ്രയിക്കാനൊരമ്മ

**ഫിലോ കുറ്റിയാത്ത്**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**അ**വധിദിവസങ്ങളിൽമാത്രം വീട്ടിലെത്തുന്ന ജോലിക്കാരിയായ ഒരു അമ്മ തനിക്കുണ്ടായ ഒരു അനുഭവം വേദനയോടെ പങ്കുവച്ചതിപ്രകാരമാണ്. ഒരു തിങ്കളാഴ്ച രാവിലെ വീട്ടിൽ നിന്നും പോകാനിറങ്ങുമ്പോൾ രണ്ടാം ക്ലാസ്സുകാരിയായ ഇളയമകൾ കരയാൻ തുടങ്ങി. മിഠായി വാങ്ങാനായി ഒരു പത്തുരൂപ അവളുടെ കയ്യിൽ കൊടുത്തു സമാധാനിപ്പിക്കാൻ ശ്രമിച്ചപ്പോൾ അപ്രതീക്ഷിതമായ മറുപടിയാണ് അവളിൽനിന്നുണ്ടായത്: "എനിക്കു മിഠായി വേണ്ട, അമ്മയെ മതി". കേട്ടുനിന്ന വീട്ടുകാർ, എന്നാൽ അഞ്ഞൂറു രൂപ തരാം. ഇഷ്ടംപോലെ ചോക്ലേറ്റ് വാങ്ങാമല്ലോ എന്നു പറഞ്ഞപ്പോൾ "എനിക്ക് രൂപയൊന്നും വേണ്ട. എന്റെ കൂടെ അമ്മ വേണം, അമ്മ ജോലിക്കു പോകേണ്ട" എന്നാണ് അവൾ പ്രതികരിച്ചത്. ഒരാഴ്ചകൂടി ജോലിക്കു പോയ ശേഷം ആ അമ്മ ജോലി ഉപേക്ഷിച്ച് മകളുടെകൂടെ ആയിരിക്കാൻ തീരുമാനിച്ചു.

മറ്റൊരമ്മ പങ്കുവച്ച കാര്യം ഈ അവസരത്തിൽ ഓർത്തുപോകുകയാണ്. വിദേശത്ത് നേഴ്സായി ജോലിചെയ്യുന്ന ഒരമ്മയാണ്. മൂന്നു മക്കളുണ്ട് അവൾക്ക്. ഒരു ദിവസം രാത്രി ഒരു ഫോൺ വന്നു, "ഈ ലോകത്തിലെ എല്ലാ കുട്ടികൾക്കും അമ്മയുണ്ട്; ഞങ്ങൾക്കു മാത്രം ഇല്ല". അതുകേട്ടു ചങ്കുതകർന്ന അവൾ ജോലി രാജിവച്ചു വീട്ടിലെത്തി.

ജോലിയ്ക്കും സമ്പത്തിനുമുപരിയായി മക്കളെ സ്നേഹിക്കുന്ന അമ്മമാരുടെ സാന്നിദ്ധ്യം കുടുംബങ്ങൾക്കാവശ്യമാണ്. അമ്മയുടെ സാന്നിധ്യം ഇല്ലാത്ത വീടുകളിലേക്ക് കയറിച്ചെല്ലുമ്പോൾ തന്നെ വലിയൊരു കുറവ് നമുക്കനുഭവപ്പെടാറുണ്ട്. ഏതു സാഹചര്യത്തിലും ഓടിയെത്താനും ആശ്രയിക്കാനും ഒരമ്മ കൂടെയുണ്ട് എന്ന അനുഭവം നമ്മെ ഓരോരുത്തരെയും സന്തോഷഭരിതരാക്കും. ആർക്കും എപ്പോഴും സമീപിക്കാവുന്ന ഒരമ്മയാണ് പരിശുദ്ധ കന്യകാമറിയം. നമ്മുടെ ജീവിതത്തിൽ പരിശുദ്ധ അമ്മയ്ക്കുള്ള സ്ഥാനം എത്രത്തോളമാണ്? ഈ ലോകത്തിലെ എല്ലാവർക്കും അമ്മയായി ഈശോ തന്റെ അമ്മയെ നല്കി. അശരണർക്കും ആലംബഹീനർക്കും അനാഥർക്കുമെല്ലാം അവൾ അമ്മയാണ്. എപ്പോഴും കൂടെയുള്ള പരിശുദ്ധ അമ്മയെ സ്വന്തം അമ്മയായി സ്വീകരിക്കുവാൻ നമുക്കു കഴിയണം. നമ്മുടെ മക്കളെ ഈ അമ്മയോടു ചേർത്തുനിർത്തി വളർത്തണം. അവർ എവിടെ പോയാലും എപ്പോഴും പരിശുദ്ധ അമ്മ കൂടെയുണ്ടാകും എന്ന ബോധ്യം കൊടുക്കാൻ കഴിയണം.

സഭ പരിശുദ്ധ അമ്മയ്ക്ക് എന്തുമാത്രം പ്രാധാന്യമാണു നൽകുന്നത്! മാതാവിന്റെ എല്ലാ തിരുനാളുകളും വലിയ ഭക്തിയോടുകൂടെ നാം ആഘോഷിക്കുന്നു. സീറോ മലബാർ സഭയിലെ യാമപ്രാർത്ഥനയിലെ എല്ലാ ബുധനാഴ്ചകളിലെയും പ്രാർത്ഥനകളിൽ പരിശുദ്ധ അമ്മയ്ക്ക് പ്രത്യേക പ്രാധാന്യം കൊടുത്തിരിക്കുന്നു. ഇതെല്ലാം സഭ അവളെ എത്രമാത്രം സ്നേഹിക്കുന്നു എന്നതിന്റെ തെളിവാണ്. അവൾ സഭയുടെ അമ്മയാണ്, നമ്മുടെ ഓരോരുത്തരുടെയും അമ്മയാണ്. ആ നല്ല അമ്മയുടെ മക്കളായി നമുക്കും തീരാം. അമ്മ കൂടെയുണ്ട് എന്ന സത്യം മറക്കാതിരിക്കാം. അവൾ സ്വർഗ്ഗത്തിന്റെ രാജ്ഞിയാണ്. ഭൂലോകർക്കെല്ലാം മാതാവും മദ്ധ്യസ്ഥയുമാണ്. നമുക്ക് അപേക്ഷിക്കാം: **എന്റെ അമ്മേ എന്റെ ആശ്രയമേ!**



# കൗമാരം പ്രശ്നകലുഷിതമോ?

**റവ. സി. ബിൻസി SdP**
**കൺസൾട്ടന്റ് സൈക്കോളജിസ്റ്റ്,**
**SBHSS ചങ്ങനാശ്ശേരി**

**കു**ട്ടികളുടെ സ്വഭാവത്തിലും ചിന്താരീതികളിലും പെരുമാറ്റത്തിലുമുള്ള മാറ്റങ്ങളെക്കുറിച്ച് മനസ്സിലാക്കിയാൽ പ്രശ്നങ്ങളെ കൈകാര്യം ചെയ്യുവാനും ആവശ്യമില്ലാത്ത കാര്യങ്ങൾക്ക് അമിത പ്രാധാന്യം നൽകാതിരിക്കുവാനും സാധിക്കും. അതേക്കുറിച്ചുള്ള വിചിന്തനങ്ങൾ തുടരുകയാണിവിടെ.

**4. നിയമങ്ങൾ ലംഘിക്കാനുള്ള പ്രവണത**

തങ്ങളുടെ സ്വാതന്ത്ര്യത്തെ ബാധിക്കുന്ന കാര്യങ്ങളെ എതിർക്കുക, അനുസരിക്കാതിരിക്കുക എന്നത് കൗമാരക്കാരുടെ രീതിയാണ്. അതിനെ ആരെങ്കിലും ചോദ്യം ചെയ്താൽ അതും അവർ വകവയ്ക്കാറില്ല. ചോദ്യം ചെയ്യുകയും കുറ്റപ്പെടുത്തുകയും ചെയ്യുന്നതിനേക്കാൾ കാര്യങ്ങൾ വേണ്ട രീതിയിൽ കുട്ടികളെ പറഞ്ഞു മനസ്സിലാക്കുക എന്നതാണ് സ്വീകാര്യം.

**5. തർക്കിക്കുക**

ആവശ്യമുള്ളതിനും ആവശ്യമില്ലാത്തതിനും തർക്കിക്കുക എന്നത് കൗമാരക്കാരുടെ രീതിയാണ്. ചിലപ്പോൾ കുട്ടികൾക്ക് മാതാപിതാക്കളോട് എന്തെങ്കിലും പറയാൻ ഉണ്ടാകാം, അവരിൽനിന്നു നേടിയെടുക്കാൻ ഉണ്ടാകാം. എന്നാൽ മാതാപിതാക്കൾ വേണ്ടത്ര ശ്രദ്ധ കൊടുക്കാതിരുന്നാൽ തങ്ങൾ പറയുന്നത് കൂടുതൽ ശ്രദ്ധിക്കപ്പെടാൻവേണ്ടി കുട്ടികൾ തർക്കിക്കുന്നു.

ഞാൻ പറയുന്നത് ആർക്കും മനസ്സിലാകില്ല എന്ന് കുട്ടി പറയുമ്പോൾ ഞങ്ങളും ഈ പ്രായമൊക്കെ കഴിഞ്ഞാണ് വന്നത് എന്ന് പറയുന്നതിനുപകരം, ഒരുപക്ഷേ ശരിയായിരിക്കാം, എന്താണ് പ്രശ്നം എന്ന് ചോദിച്ചാൽ തർക്കം ഒഴിവാക്കാം. കുട്ടിക്ക് തുറന്നു പറയുവാനുള്ള വേദിയും സൃഷ്ടിക്കാം. കുട്ടിയുമായുള്ള സംസാരത്തിൽ ഞാൻ അപ്പനാണ്, ഞാൻ പറയുന്നതാണ് ശരി, എന്റെയത്രയും അറിവും അനുഭവവും അവനില്ല എന്ന് തെളിയിക്കാൻ ശ്രമിക്കരുത്. അഭിപ്രായവ്യത്യാസങ്ങളുണ്ടാകുമ്പോൾ എപ്പോഴും ഞാൻ ജയിക്കണം എന്ന് മാതാപിതാക്കൾ കരുതരുത്. കുറച്ചുസമയം നിശബ്ദത പാലിക്കാം. എന്തെങ്കിലും തമാശ പറഞ്ഞ് ആ സാഹചര്യത്തിൽ അയവ് വരുത്താൻ ശ്രമിക്കാം. നിനക്ക് ഇപ്പോൾ ഇതു കിട്ടിയിട്ട് എന്തിനാണ് എന്ന് ചോദ്യത്തിനു പകരം ഇതുകൊണ്ട് നീ എന്താണ് ഉദ്ദേശിക്കുന്നത് എന്നു ചോദിക്കാം. സംസാരത്തിനിടയ്ക്ക് വിഷയം മാറ്റി തർക്കം രൂക്ഷമാകുന്നതിനുള്ള സാഹചര്യം ഒഴിവാക്കാം.

**6. സോഷ്യൽ മീഡിയയുടെ സ്വാധീനം**

സോഷ്യൽ മീഡിയ ഇന്നത്തെ തലമുറയ്ക്ക് ഗുണത്തേക്കാൾ കൂടുതൽ ദോഷമാകുന്ന സാഹചര്യങ്ങൾ അനുദിനം നാം കണ്ടുമുട്ടുന്ന യാഥാർത്ഥ്യമാണ്. പല മാതാപിതാക്കളും വിഷമത്തോടെ പങ്കുവെക്കുന്ന ഒരു കാര്യമാണത്. പഠിക്കുവാനും കുടുംബത്തിലുള്ളവരുമായി സംസാരിക്കുവാനുമുള്ള സമയം മൊബൈലിൽ ചെലവഴിക്കുന്നതുമൂലം സ്വഭാവവൈകല്യവും പഠനത്തിൽ പിന്നാക്കാവസ്ഥയും കുടുംബബന്ധങ്ങളിൽ ഉലച്ചിലും സംഭവിക്കുന്നു. കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കി, ആവശ്യമെങ്കിൽ സൈക്കോളജിസ്റ്റിന്റെ സഹായം തേടാവുന്നതാണ്. വിവേകത്തോടെ സോഷ്യൽ മീഡിയ ഉപയോഗിക്കാൻ പരിശീലിപ്പിക്കുക എന്നതാണ് പ്രധാനം. കൃത്യമായി സമയം അനുവദിക്കുക, രാത്രി സമയങ്ങളിൽ പ്രത്യേകിച്ച് കിടക്കുന്നതിനു മുൻപ് ഫോൺ മാതാപിതാക്കളെ ഏൽപ്പിക്കുക, ഫോൺ ഉപയോഗിക്കുന്നതിന് അനുവദിക്കപ്പെട്ട സമയം മാത്രം ഉപയോഗിക്കുക. ഫോണിന്റെ പാസ്സ്‌വേർഡ് മാതാപിതാക്കൾ അറിഞ്ഞിരിക്കുക. ഫോണിൽ പേരന്റൽ കൺട്രോൾ സെറ്റ് ചെയ്യുക തുടങ്ങിയ കാര്യങ്ങൾ സോഷ്യൽ മീഡിയ വിവേകത്തോടുകൂടി ഉപയോഗിക്കുന്നതിനും അവയുടെ ഉപയോഗം നിയന്ത്രിക്കുന്നതിനും കുട്ടികൾക്ക് സഹായകരമായിരിക്കും.

കുട്ടികൾ ആയിരിക്കുന്ന അവസ്ഥയിൽനിന്ന് പ്രായപൂർത്തിയായവരുടെ തലത്തിലേക്ക്, ശാരീരികവും മാനസികവുമായ പക്വതയിലേക്ക് കടക്കുന്ന കുറച്ചു കാലയളവാണ് കൗമാരം. ഈ കാലഘട്ടത്തെ പക്വതയോടെ കൈകാര്യം ചെയ്യുവാൻ കുട്ടികളെ സഹായിക്കുക എന്നത് മാതാപിതാക്കൾ നേരിടുന്ന പ്രയാസമേറിയ ഒരു ജോലിയാണ്. വളർച്ചയുടെ കാലഘട്ടത്തെ വിവേകത്തോടെ കൈകാര്യം ചെയ്യുക എന്നത് കുട്ടികളുടെ ഉത്തരവാദിത്വവുമാണ്. മുകളിൽ പറഞ്ഞിരിക്കുന്ന സ്വഭാവപ്രത്യേകതകളെല്ലാം ഒരു പരിധിവരെ നിയന്ത്രണവിധേയമാണ്. എന്നിരുന്നാലും പരിധി കടന്നുള്ള ദേഷ്യം, കള്ളം പറച്ചിൽ, തർക്കം, കൂട്ടുകാരുമായി കറങ്ങി നടക്കൽ, സോഷ്യൽ മീഡിയയുടെ അഡിക്ഷൻ മുതലായവ ചികിത്സ ആവശ്യമുള്ളതാകാം. അങ്ങനെയുള്ള സാഹചര്യങ്ങളിൽ വിദഗ്ധരുടെ സഹായം തേടേണ്ടതാണ്. മാതാപിതാക്കളാണ് കുട്ടികളുടെ ആദ്യത്തെ റോൾ മോഡൽ. പോസിറ്റീവായി പ്രശ്നങ്ങളെ കൈകാര്യം ചെയ്യുന്ന മാതാപിതാക്കളുടെ മക്കൾ അത് അനുകരിക്കാൻ ശ്രമിക്കും. ഇത് കടന്നുപോകുന്ന ഒരു കാലഘട്ടമാണെന്ന് മാതാപിതാക്കൾ തിരിച്ചറിയുക. ഓരോ കുട്ടിയും വ്യത്യസ്തനാണ്. ഓരോരുത്തരെയും മനസ്സിലാക്കി അനുയോജ്യമായി ഇടപെടുവാൻ മാതാപിതാക്കൾക്കും അധ്യാപകർക്കും കുട്ടികളുമായി ബന്ധപ്പെട്ട മറ്റു മുതിർന്നവർക്കും സാധിക്കട്ടെ.

(അവസാനിച്ചു)



# ഞാൻ കത്തോലിക്കയല്ല

**സ്റ്റെഫി മംഗലത്തുകുന്നേൽ**

**പ**ന്തക്കുസ്താ തിരുനാളോടുകൂടി ശ്ലീഹാക്കാലത്തിലേക്കു നാം പ്രവേശിച്ചു. ശ്ലീഹന്മാരുടെയും രക്തസാക്ഷികളുടെയും ചുടുനിണത്താൽ പണിതുയർത്തപ്പെട്ട സഭാതരുവിനെയാണ് ഈ കാലത്തിൽ പ്രത്യേകമായി അനുസ്മരിക്കുന്നത്. ശ്ലീഹന്മാരിലൂടെ കൈമാറപ്പെട്ടു കിട്ടിയ വിശ്വാസദീപം അണയാതെ രണ്ടായിരം വർഷങ്ങൾക്കിപ്പുറവും കാത്തുസൂക്ഷിച്ചു എന്ന് അഭിമാനിക്കുമ്പോൾത്തന്നെ, എനിക്കു കിട്ടിയ വിശ്വാസദീപം, അതിന്റെ ശോഭയൊട്ടും കുറയാതെ തന്നെ അടുത്ത തലമുറയ്ക്കു കൈമാറുവാൻ എന്റെ കൈവശമുണ്ടോ എന്നത് നിർബന്ധമായും നമ്മുടെ ചിന്താവിഷയമാക്കേണ്ട കാര്യമാണ്. ജീവിതമാണല്ലോ ഏറ്റവും വലിയ സുവിശേഷ പ്രഘോഷണം! ശ്ലീഹന്മാരുടെ പ്രേഷിതതീക്ഷ്ണതയെ ധ്യാനിക്കുന്ന ഈ കാലത്തിൽ സുവിശേഷം വാക്കുകൊണ്ട് പ്രഘോഷിച്ചില്ലെങ്കിലും നമുക്ക് അതു ജീവിക്കാനാവുന്നുണ്ടോ എന്നു വിലയിരുത്താം.

യഹൂദരോടുള്ള ഭയം നിമിത്തം ഈശോയാണ് തങ്ങളുടെ മകനു സൗഖ്യം കൊടുത്തതെന്ന സത്യം മനഃപൂർവ്വം മറച്ചുവയ്ക്കുന്ന അന്ധയാചകന്റെ മാതാപിതാക്കളെ യോഹന്നാൻ ശ്ലീഹായുടെ സുവിശേഷത്തിൽ നാം കണ്ടുമുട്ടുന്നുണ്ട്. "മനുഷ്യപുത്രൻ വരുമ്പോൾ ഭൂമിയിൽ വിശ്വാസം കണ്ടെത്തുമോ" എന്ന തമ്പുരാന്റെ ചോദ്യം, മതപീഢനമൊക്കെയുണ്ടാകുന്ന ഒരു കാലത്ത്, വിശ്വാസിയെങ്കിൽ മരിക്കണം എന്ന അവസ്ഥ മുന്നിലെത്തുമ്പോൾ ജീവൻ രക്ഷിക്കുവാനായി 'ഞാൻ ക്രിസ്ത്യാനിയല്ല' എന്നു പറയുന്ന സാഹചര്യം ഉണ്ടാകുന്നതിനെപ്പറ്റിയാണ് എന്നാണു ഞാൻ ധരിച്ചിരുന്നത്. എന്നാൽ ജീവിതത്തിൽ ദൈവത്തിനു തെല്ലുവില കല്പിക്കാത്ത ഒരു തലമുറയെത്തന്നെ പ്രതീക്ഷിച്ചാണ് തമ്പുരാൻ ഇതു പറഞ്ഞതെന്നു ചിലപ്പോഴെങ്കിലും തോന്നാൻ കാരണമുണ്ട്.

കത്തോലിക്കാ കുട്ടികളെല്ലാം വി. കുർബാനയ്ക്കായി സ്കൂൾ ചാപ്പലിൽ എത്തണമെന്ന അറിയിപ്പുവന്നു. കുറെ കുട്ടികൾ പോയി. ഇനിയാരെങ്കിലും ഉണ്ടോ എന്ന ചോദ്യം കേട്ടതും എല്ലാ ചൂണ്ടുവിരലും ഒരു പെൺകുട്ടിയുടെ നേരേ നീണ്ടു: "സിസ്റ്ററേ ഇവൾ പോയില്ല". കയ്യിലും

കഴുത്തിലും ജപമാലയണിഞ്ഞ ആ ഒൻപതാം ക്ലാസ്സുകാരി തെല്ലൊരാലോചനപോലും ഇല്ലാതെ എഴുന്നേറ്റു നിന്നു പറഞ്ഞു: "ഞാൻ കത്തോലിക്കയല്ല"! സ്വന്തം ജീവൻ ദൈവത്തെക്കാൾ വലുതായി കാണുന്നവർ ഈശോയിലുള്ള വിശ്വാസം തള്ളിപ്പറയുന്നത് ജീവരക്ഷയ്ക്കു വേണ്ടിയാണെന്നു വ്യാഖ്യാനിക്കാം. എന്നാൽ ഇവിടെ, നിസ്സാര കാര്യത്തിനുവേണ്ടി ദൈവത്തെപ്പോലും തള്ളിപ്പറയാൻ മടിക്കാത്ത കുഞ്ഞുങ്ങൾ!

സ്വാതന്ത്ര്യദിനത്തിൽ പതാകയുയർത്താൻ പതിവിലും നേരത്തെ കോളേജിൽ എത്തണമെന്ന് തലേദിവസംതന്നെ അദ്ധ്യാപകർ അറിയിച്ചു. എന്നാൽ 'ഇതു കത്തോലിക്കർക്കു കടമുള്ള ദിവസമാണെന്നും കുർബാനയിൽ പങ്കെടുത്തിട്ട് പതിവു സമയത്ത് എത്താം' എന്നും പറഞ്ഞപ്പോൾ അന്യമതസ്ഥരായിരുന്നിട്ടും അവർക്കതിനോട് എതിർപ്പൊന്നുമുണ്ടായിരുന്നില്ല. സമയമല്പം വൈകി കോളേജിൽ എത്തിയപ്പോൾ, ഞങ്ങൾ ഒന്നുരണ്ടുപേരൊഴികെ മറ്റെല്ലാ കത്തോലിക്കാ കുട്ടികളും സമയത്തിനു മുമ്പേതന്നെ അവിടെ സന്നിഹിതരായിരുന്നു എന്നുകണ്ടു. 'പള്ളിയിൽപോയിട്ടും എങ്ങനെ ഇത്ര നേരത്തെയെത്താൻ സാധിച്ചു' എന്ന എന്റെ ചോദ്യത്തിന് അവർ നല്കിയ മറുപടിയിലെ നിസ്സംഗത വല്ലാതെ നൊമ്പരപ്പെടുത്തി: "ഓ, സിസ്റ്ററേ, കടമുള്ള ദിവസമൊക്കെയായിരുന്നു. പക്ഷേ കുറേ പണികൾ ചെയ്തു തീർക്കാനുണ്ടായിരുന്നതുകൊണ്ട് പള്ളിയിൽ പോക്ക് ഞാനങ്ങൊഴിവാക്കി". പന്ത്രണ്ടു വർഷം നീണ്ട ഔപചാരിക വിശ്വാസപരിശീലനവും അതിലേറെ നീണ്ട അനൗപചാരിക വിശ്വാസപരിശീലനവും സ്വന്തമാക്കിയ, സഭയുടെ കാവലാകേണ്ട യുവതലമുറ ദൈവത്തേക്കാൾ സ്വന്തം കാര്യങ്ങൾക്കു പ്രാധാന്യം കൊടുക്കുന്നു!

എവിടെയാണു നമുക്കു തെറ്റുപറ്റുന്നത്? സ്നേഹിക്കുന്ന ഒരു ദൈവമുണ്ടെന്നും ആ ദൈവം തന്നതാണ് ഈ ജീവനെന്നും ദൈവത്തെക്കൂടാതെ ജീവിക്കാനാവില്ലെന്നും ജീവിതാവസാനം ദൈവത്തിൽ എത്തിച്ചേരണമെന്നും നമ്മുടെ കുഞ്ഞുങ്ങളെ ബോധ്യപ്പെടുത്തുന്നതിൽ നമുക്കു കുറവു വന്നിരിക്കുന്നു. അല്പസുഖത്തിനു വേണ്ടിയുള്ള പരക്കം പാച്ചിലിൽ സർവ്വവും ദാനമായി തന്നവനെ മറന്നുകൂടാ. ഈ ലോകജീവിതം ക്ഷണികമാണെന്നും ലോകസുഖങ്ങൾ നശ്വരമാണെന്നും വിസ്മരിക്കരുത്.

പഠിച്ച കാലത്ത് എൻട്രൻസ് കോച്ചിംഗ്, കരാട്ടെ, നീന്തൽ എന്നൊക്കെ പറഞ്ഞ് വിശ്വാസപരിശീലന ക്ലാസ്സുകൾ എവിടെ നടക്കുന്നു എന്നുപോലും അറിയിക്കാതെയാണ് പലരും മക്കളെ വളർത്തുന്നത്. അവരുടെ പഠനമൊക്കെ പൂർത്തിയാക്കിക്കഴിയുമ്പോൾ, ജോലി എന്ന ലക്ഷ്യത്തിനുവേണ്ടി മാത്രം, അവരെ യുവദീപ്തി അംഗങ്ങളായും വിശ്വാസപരിശീലകരായും തള്ളിവിടുന്ന മാതാപിതാക്കൾ എന്തു വിശ്വാസമാണ് മക്കൾക്കു കൈമാറുന്നത്? തലമുറ കൈമാറിക്കിട്ടിയ വിശ്വാസത്തിന്റെ ജ്വാല ആളിക്കത്തിക്കാനായില്ലെങ്കിലും ഊതിക്കെടുത്താതിരുന്നുകൂടേ? സ്കൂളിലെ കത്തോലിക്കാ കുട്ടികൾ ദൈവാലയത്തിൽ പോകാൻ മടിക്കുന്ന സമയത്തുതന്നെ, മറ്റു മതത്തിൽപ്പെട്ട കുട്ടികൾ അവരുടെ ആരാധനയ്ക്കുപോകാൻ അനുവാദം ചോദിച്ചു വരുന്നു എന്നതും ചിന്തയ്ക്കു വിഷയമാക്കേണ്ടതാണ്.

"കർത്താവിനോടുള്ള ഭക്തി അവഗണിക്കുകയോ വിഭക്തഹൃദയത്തോടെ അവിടുത്തെ സമീപിക്കുകയോ അരുത്" (പ്രഭാ 1,23) എന്ന തിരുവചനം നമുക്കൊരു ശാസനയാണ്. അവിഭക്തമായ ഹൃദയത്തോടെ, ശുദ്ധമനസ്സോടെ ദൈവശുശ്രൂഷ ചെയ്യാൻ ശ്ലീഹന്മാരുടെ പ്രേഷിത തീക്ഷ്ണത നമുക്കു പ്രചോദനമാകട്ടെ. എൻട്രൻസും നീന്തലും കരാട്ടെയും ഒക്കെ പരിശീലിപ്പിച്ച് മക്കളുടെ ഭാവി സുസ്ഥിരമാക്കുന്നതിനുള്ള പരിശ്രമത്തിനിടയിൽ ആരും കവരാത്ത യഥാർത്ഥ നിക്ഷേപം സ്വർഗ്ഗത്തിൽ കരുതിവയ്ക്കാനും അവരെ പരിശീലിപ്പിക്കാം. അങ്ങനെ അവരുടെ നിത്യജീവിതവും നമുക്കുറപ്പുവരുത്താം.

# സെനക്കിൾ തരംഗം

## സന്ദേശം

മിശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ,


ആരാധനാവത്സരത്തിൽ ശ്ലീഹാക്കാലത്തേയ്ക്കു നാം പ്രവേശിച്ചിരിക്കുകയാണല്ലോ. ഈശോ തന്റെ പന്ത്രണ്ടു ശ്ലീഹന്മാരെ തിരഞ്ഞെടുത്തത് സുവിശേഷപ്രഘോഷണം ലക്ഷ്യമാക്കിയാണ്. ഉത്ഥിതനായ മിശിഹാ സുവിശേഷപ്രഘോഷണദൗത്യം അവർക്കു നല്കിയിട്ടാണ് സ്വർഗാരോഹണം ചെയ്തത്. പത്രോസിന്റെ, മറ്റു പതിനൊന്നു പേരോടുചേർന്നുള്ള സുവിശേഷപ്രഘോഷണത്തിലൂടെയാണല്ലോ ആദിമസഭ ജന്മം കൊണ്ടത്. അതേത്തുടർന്ന് ആദിമസഭയും സുവിശേഷം സ്വീകരിച്ച്, ജീവിച്ച്, ആഘോഷിച്ച് സുവിശേഷപ്രഘോഷകയായി മാറി (ശ്ലീഹാ 2,42). ഇന്നും സഭ അപ്രകാരം സുവിശേഷപ്രഘോഷകയാകാൻ വിളിക്കപ്പെട്ടിരിക്കുന്നു. ഈ ലക്ഷ്യബോധം നല്കി അജപാലനശുശ്രൂഷ നിർവഹിക്കുവാൻ നമുക്കു പരിശ്രമിക്കാം.

സ്നേഹാശംസകളോടെ,

**മല്പാൻ മാത്യുവെള്ളാനിക്കൽ**
**സ്ഥാപകഡയറക്ടർ**

## സെനക്കിൾ വാർത്തകൾ

സ്ഥാപകപിതാവ് ദൈവദാസൻ വില്യം ജക്വീന്താ പിതാവിന്റെ 30-ാം ചരമ വാർഷികം 2024 ജൂൺ 15 ന് അനുസ്മരിക്കുകയാണ്. ഇതോടനുബന്ധിച്ച് സൊദാലെസ് വൈദികരുടെ സെനക്കിൾ അനുഭവങ്ങൾ റോമിൽനിന്നും പ്രസിദ്ധീകരിക്കുവാൻ ജനറൽ കൗൺസിൽ തീരുമാനമെടുത്തിട്ടുണ്ട്. അതിൻപ്രകാരം ഇന്ത്യയിലെ 25 സൊദാലെസ് വൈദികരുടെ സെനക്കിൾ അനുഭവങ്ങൾ ജനറൽ കൗൺസിലിൽ എത്തിച്ചിട്ടുണ്ട്. അപ്പസ്തോലിക് മാക്സിമലിസം കുടുംബത്തിൽപെട്ട അപ്പസ്തോലിക് ഒബ്ലേറ്റ്സ് ഇന്ത്യയിൽ ഇൻസ്റ്റിറ്റ്യൂട്ടിന് ആരംഭം കുറിച്ചതിന്റെ സുവർണ ജൂബിലിയാഘോഷത്തിന് ഈ മെയ് 22-ാം തീയതി സ്പിരിച്ച്വാലിറ്റി സെന്ററിൽ വച്ച് അഭിവന്ദ്യ ജോസഫ് പെരുന്തോട്ടം പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്ന പരി. കുർബാനയാഘോഷത്തോടുകൂടി തുടക്കംകുറിച്ചു.



# കൂടെ നടക്കുന്ന സഹായകൻ

സുജ ചോതിരക്കുന്നേൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**ദൈ**വം നമുക്ക് സഹായകനായി നൽകിയിരിക്കുന്നത് പരിശുദ്ധാത്മാവിനെയാണ്. നമ്മെ എന്നും അറിവിലേക്കും വിശുദ്ധിയിലേക്കും നയിക്കുന്നതും ജ്ഞാനം നൽകുന്നതും പരിശുദ്ധാത്മാവാണ്. പരിശുദ്ധാത്മാവിനെ വേദനിപ്പിക്കുന്ന എല്ലാ പ്രവർത്തനങ്ങളിൽ നിന്നും നാം അകന്നിരിക്കണം.

എങ്ങനെയൊക്കെയാണ് നാം പരിശുദ്ധാത്മാവിനെ വേദനിപ്പിക്കുന്നത്?

- ⇨ നമ്മുടെ ശരീരത്തെ പാപത്തിന് ഏല്പിച്ചു കൊടുക്കുമ്പോൾ ആത്മാവ് ദു:ഖിക്കുന്നു. എന്തെന്നാൽ നാം ദൈവത്തിന്റെ ആലയമാണ് (1 കോറി 3,16-17).
- ⇨ നമ്മൾ സംശയത്തിലും അവിശ്വാസത്തിലും ജീവിക്കുമ്പോൾ ആത്മാവ് വേദനിക്കുന്നു. എന്തെന്നാൽ അവൻ വിശ്വാസത്തിന്റെ ആത്മാവാണ് (റോമാ 15,13).
- ⇨ മറ്റുള്ളവരോടുള്ള നമ്മുടെ സ്നേഹം നഷ്ടപ്പെടുമ്പോൾ ആത്മാവ് ദു:ഖിക്കുന്നു. എന്തെന്നാൽ പരിശുദ്ധാത്മാവ് സ്നേഹത്തിന്റെ ആത്മാവാണ് (ഗലാ 5,22).
- ⇨ നമ്മൾ ലോകവുമായി ഇഴുകിച്ചേരുകയും അതിൽ ആനന്ദിക്കുകയും ചെയ്യുമ്പോൾ പരിശുദ്ധാത്മാവ് വേദനിക്കും (യാക്കോബ് 4,4-5).
- ⇨ നമ്മുടെ പ്രാർത്ഥന നമ്മിലേക്കു മാത്രം ഒതുങ്ങുമ്പോൾ പരിശുദ്ധാത്മാവ് ദുഃഖിക്കുന്നു (റോമാ 8,26).
- ⇨ വചനത്തെ നിരാകരിക്കുമ്പോൾ പരിശുദ്ധാത്മാവ് ദു:ഖിക്കുന്നു (യോഹ 17,17).
- ⇨ നമ്മൾ ദൈവത്തിന്റെ വഴിയേ നീങ്ങാതിരിക്കുമ്പോൾ പരിശുദ്ധാത്മാവ് ദുഃഖിക്കുന്നു (യോഹ 14,6).

⇨ നാം നമ്മുടെ ശക്തിയിൽ ആശ്രയിക്കുമ്പോൾ പരിശുദ്ധാത്മാവ് ദു:ഖിക്കുന്നു (മത്താ 6,25-34).

⇨ നമ്മൾ ഈശോയ്ക്ക് സാക്ഷ്യം വഹിക്കാതിരിക്കുമ്പോൾ ആത്മാവ് ദു:ഖിക്കുന്നു (ലൂക്കാ 24,36-49).

നാം അരൂപിയിൽ ജീവിക്കുമ്പോൾ അരൂപിയാൽ കൈപിടിച്ചു നടത്തപ്പെടുന്ന ഒരു അനുഭവം നമുക്കുണ്ടാകുന്നു. അപ്പോൾ ദൈവവുമായി ആലോചിക്കാത്തതും ദൈവ ഹിതത്തോടും അവിടുത്തെ പദ്ധതിയോടും ചേർന്നു പോകത്തതുമായ ഒരു തീരുമാനവും നമ്മുടെ ജീവിതത്തിലുണ്ടാവുകയില്ല. ദൈവത്തിന്റെ അരൂപിയ്ക്കടുത്ത താല്പര്യങ്ങളും അഭിലാഷങ്ങളും നമ്മെ നയിക്കും. ആത്മീയകാര്യങ്ങളിൽ ഉണർവുണ്ടാകുകയും അരൂപിയുടെ പ്രചോദനങ്ങൾക്ക് അനുസരിച്ച് ജീവിക്കാനുള്ള ഒരു തീക്ഷ്ണത കൈവരികയും ചെയ്യും.

ലോകത്തിന് അനുരൂപരാകാതെ ദൈവഹിതം എന്തെന്നും നല്ലതും പ്രീതിജനകവുമായ തെന്തെന്നും വിവേചിച്ചറിയുന്ന ഒരു ജീവിതത്തിന്റെ ഉടമകളായി നാം മാറും. നിഷ്കളമായ സ്നേഹമുള്ളവരും നന്മയെ മുറുകെ പിടിക്കുന്നവരും ദൈവികതയുള്ളവരുമായിത്തീരും.

ദൈവാരൂപിയുടെ നേർക്ക് തുറന്ന മനോഭാവത്തോടുകൂടിയുള്ളതും അരൂപിയുടെ സാന്നിധ്യത്തെക്കുറിച്ചുള്ള അവബോധത്തോടുകൂടിയുള്ളതും അരൂപിയുമായി ഒരു സുഹൃദ്ബന്ധം പുലർത്തിക്കൊണ്ടുള്ളതും അരൂപിയുടെ പ്രവർത്തനത്തോടു പൂർണ്ണമായും സഹകരിച്ചുകൊണ്ടുള്ളതുമായ ഒരു ജീവിതത്തിലേക്ക് നാം കടന്നുവരും.

അരൂപിയിൽ നാം നവീകരിക്കപ്പെടുമ്പോൾ അരൂപിയുടെ ഫലങ്ങൾ നമ്മിൽ അനുഭവവേദ്യമായത്തീരും. ഫലത്തിൽ നിന്നാണല്ലോ വൃക്ഷങ്ങളെ തിരിച്ചറിയുന്നത്. നമ്മുടെ ജീവിതത്തിൽ ദൈവസ്നേഹത്തിന്റ തികവ് അനുഭവിക്കുമ്പോൾ മനസ്സിൽ സന്തോഷവും സമാധാനവും നിറഞ്ഞു നിൽക്കും. ജീവന്റെ നിറവിനു തടസ്സമായിട്ടുള്ള ബന്ധനങ്ങളിൽ നിന്നെല്ലാം മോചനം ലഭിച്ച ഒരു അനുഭവം നമുക്കുണ്ടാവും. ആത്മാവിലും ശരീരത്തിലും ഒരു ഉണർവ് അനുഭവപ്പെടുകയും തത്ഫലമായി എപ്പോഴും ദൈവത്തെ സ്തുതിച്ചുകൊണ്ടു ജീവിക്കുന്നവരായി നാം മാറുകയും ചെയ്യും.



അരൂപിയാൽ നവീകരിക്കപ്പെട്ട ജീവിതത്തിലേക്കു കടന്നുവരുന്ന വ്യക്തി എല്ലാ മനുഷ്യരോടും ദൈവികസ്നേഹത്തോടെ ഇടപെടും. എല്ലാ മനുഷ്യരോടും ഒരു സാഹോദര്യമനോഭാവവും

രൂപംകൊള്ളും. അങ്ങനെ അന്യോന്യം സഹോദരതുല്യം സ്നേഹിക്കുന്നവരും പരസ്പരം ബഹുമാനിക്കുന്നതിൽ മുന്നിട്ടു നിൽക്കുന്നവരുമായിത്തീരും. മറ്റുള്ളവരുടെ ആവശ്യങ്ങളിൽ അവരെ സഹായിക്കുന്നവരും സന്തോഷിക്കുന്നവരോടുകൂടി സന്തോഷിക്കുന്നവരും കരയുന്നവരോടുകൂടി കരയുന്നവരുമായിത്തീർന്ന് പരസ്പരം യോജിപ്പോടെ വർത്തിക്കുന്ന ജീവിതത്തിന്റെ ഉടമകൾ ആയിത്തീരും. തിന്മയ്ക്കു പകരം തിന്മ ചെയ്യാതെ നന്മ കൊണ്ട് എല്ലാവരെയും നേടുന്നവരാകും.

പരിശുദ്ധാത്മാവിന്റെ പ്രവർത്തനം സാക്ഷ്യം നൽകുന്നതാണ്. സ്നേഹിക്കുവാൻ ബുദ്ധിമുട്ടുള്ള സാഹചര്യത്തിൽ നമ്മെ ശക്തിപ്പെടുത്തി സഹായിക്കുന്നവനാണ് പരിശുദ്ധാത്മാവ്. വിശ്വാസം ജീവിക്കുവാൻ ബുദ്ധിമുട്ട് സൃഷ്ടിക്കുന്ന നമ്മിലുള്ള മാനുഷിക ബലഹീനതകളെ അതിജീവിക്കുവാൻ നമ്മെ ശക്തിപ്പെടുത്തുന്നത് ഈ അരൂപി തന്നെയാണ്. അങ്ങനെയാണ് ഈശോയ്ക്കു സാക്ഷ്യം വഹിക്കുവാൻ നാം പ്രാപ്തരാകുന്നത്. ഈശോയുടെ പഠനങ്ങളും പ്രമാണങ്ങളും ചൈതന്യവും സ്വീകരിച്ച് അതു ജീവിതത്തിൽ പ്രാവർത്തികമാക്കുമ്പോഴാണ് നാം സാക്ഷികളായി തീരുന്നത്. വിശ്വാസത്തിൽനിന്നും നാം വ്യതിചലിച്ചു പോകുമ്പോൾ പരിശുദ്ധാരൂപി നമ്മുടെ അവിശ്വാസത്തിനെതിരെ വിരൽചൂണ്ടുന്നു. നാം വ്യതിചലിച്ചു പോയാൽ പാപബോധവും പശ്ചാത്താപവും നമ്മിലുളവാക്കി ശരിയായ വിശ്വാസത്തിലേക്കു നമ്മെ നയിച്ച് വിശ്വാസത്തിൽ നിലനില്ക്കുവാൻ അരൂപി സഹായിക്കുന്നു. അങ്ങനെ ഈശോയിലുള്ള വിശ്വാസജീവിതം അതിന്റെ തികവിൽ ജീവിക്കുവാൻ നമ്മെ കൈപിടിച്ചു നടത്തുന്ന ഒരു വലിയ സഹായകനാണ് പരിശുദ്ധാത്മാവ്. അതുകൊണ്ട് ഇങ്ങനെയൊരു സഹായകൻ നമ്മുടെ കൂടെയുണ്ട് എന്ന അവബോധം നാം വളർത്തിയെടുക്കണം. ഈലോകജീവിതത്തിലെ ജഡികപ്രലോഭനങ്ങളെ അതിജീവിച്ച് ആത്മീയജീവിതം നയിച്ച്, സ്വർഗീയ ജീവിതത്തിലേക്ക് യാത്ര ചെയ്യുവാൻ അരൂപി നമ്മെ സഹായിക്കുന്നു. ആത്മാവിന്റെ ഫലങ്ങൾ നമ്മിൽ കൂടുതൽ കൂടുതൽ വളർത്തിയെടുക്കുവാൻ അനുദിനം നമുക്കു പരിശ്രമിക്കാം.

***ദൈവം സ്നേഹമാകുന്നു. സ്നേഹമാണ് അവിടുത്തെ പ്രഥമ സമ്മാനം. മറ്റുള്ളതെല്ലാം അതിൽ അടങ്ങിയിരിക്കുന്നു. നമുക്കു നൽകപ്പെട്ട പരിശുദ്ധാത്മാവിലൂടെ ഈ സ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്കു വർഷിക്കപ്പെട്ടിരിക്കുന്നു. പാപത്തിൽ നാം മൃതരാണ്. അല്ലെങ്കിൽ മുറിവേറ്റവരെങ്കിലുമാണ്. അതുകൊണ്ടു സ്നേഹമാകുന്ന ദാനത്തിന്റെ പ്രഥമഫലം നമ്മുടെ പാപങ്ങളുടെ മോചനമാണ്. സഭയിൽ പരിശുദ്ധാത്മാവിനെ നല്കിക്കൊണ്ട് പാപത്തിലൂടെ നഷ്ടമായ ദൈവികസാദൃശ്യത്തെ മാമ്മോദീസാ സ്വീകരിച്ചവർക്കു തിരികെ നൽകുന്നു.***

(CCC 733,734)

# അമ്മയ്ക്കൊപ്പം അനുഗ്രഹവഴിയെ



ഷിനി മുതുപ്ലാക്കൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**ഒന്നാം ദിവ്യരഹസ്യം**: സെഹിയോൻ ഊട്ടുശാലയിൽ ശിഷ്യരോടൊത്ത് പ്രാർത്ഥനയിൽ മുഴുകിയിരുന്ന (ശ്ലീഹ 1,14) പരിശുദ്ധ ദൈവമാതാവേ, ശരിയായ പ്രാർത്ഥനയിലും കൂട്ടായ്മയിലും വളർന്നുവരുവാൻ ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**രണ്ടാം ദിവ്യരഹസ്യം**: പരിശുദ്ധ ദൈവമാതാവേ, പത്രോസ്ശ്ലീഹായുടെ സുവിശേഷപ്രഘോഷണത്തിന്റെ ഫലമായി ഹൃദയം നുറുങ്ങി, അനുതാപത്തിന്റെ മാർഗത്തിലേക്കു കടന്നുവന്നവരെപ്പോലെ (ശ്ലീഹ 2,37) വചനശ്രവണത്താൽ ശരിയായ മാനസാന്തരത്തിലേക്കു കടന്നുവന്ന് പരിശുദ്ധാത്മഫലങ്ങൾ പുറപ്പെടുവിക്കുന്ന ജീവിതം നയിക്കാൻ ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**മൂന്നാം ദിവ്യരഹസ്യം**: പരിശുദ്ധ ദൈവമാതാവേ, വിശ്വസിച്ചവർ എല്ലാവരും ഒറ്റ സമൂഹമാകുകയും തങ്ങൾക്കുണ്ടായിരുന്നതെല്ലാം പൊതുവായി കരുതുകയും ചെയ്തിരുന്നതുപോലെ (ശ്ലീഹ 2,44-46) ഞങ്ങളുടെ ജീവിതത്തിലൂടെ സ്നേഹത്തിന്റെ ക്രിസ്തീയ സാക്ഷ്യം നല്കാൻ ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**നാലാം ദിവ്യരഹസ്യം**: പരിശുദ്ധ ദൈവമാതാവേ, സുന്ദരകവാടത്തിലെ യാചകന് അവൻ പ്രതീക്ഷിച്ചതിനുമുപരിയായ നന്മ ലഭിച്ചതുപോലെ (ശ്ലീഹ 3,5-8) ദൈവം നല്കുന്ന ആത്മീയനന്മകൾക്കായി ആഗ്രഹിച്ചു കാത്തിരിക്കാൻ ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**അഞ്ചാം ദിവ്യരഹസ്യം**: പരിശുദ്ധ ദൈവമാതാവേ, രക്തസാക്ഷിത്വം വരിക്കുന്നതിന്റെ തീവ്രവേദനകൾക്കിടയിലും ദൈവമഹത്ത്വം ദർശിക്കുകയും ശത്രുക്കൾക്കായി പ്രാർത്ഥിക്കുകയും ചെയ്ത സ്തേഫാനോസിനെപ്പോലെ (ശ്ലീഹ 8,54-60) സഹനങ്ങൾ ശാന്തതയോടെ സ്വീകരിക്കാനും പൂർണമായ ക്ഷമയുടെ ജീവിതം നയിക്കാനും ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*



“നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ
എന്റെ കല്പന പാലിക്കും.
ഞാൻ പിതാവിനോട് അപേക്ഷിക്കുകയും
എന്നേക്കും നിങ്ങളോടുകൂടെയായിരിക്കാൻ
മറ്റൊരു സഹായകനെ
അവിടുന്ന് നിങ്ങൾക്കു തരുകയും ചെയ്യും.
ഈ സത്യാത്മാവിനെ സ്വീകരിക്കാൻ
ലോകത്തിനു സാധിക്കുകയില്ല.
കാരണം, അത് അവനെ കാണുകയോ
അറിയുകയോ ചെയ്യുന്നില്ല.
എന്നാൽ, നിങ്ങൾ അവനെ അറിയുന്നു.
കാരണം, അവൻ നിങ്ങളോടൊത്തു വസിക്കുന്നു;
നിങ്ങളിൽ ആയിരിക്കുകയും ചെയ്യും!”
(യോഹ 14,15-17)

PRATHEEKSHAYUDE POOMOTTUKAL (Malayalam Monthly)
RNI: KERMAL/2014/59983
Published on 24th May 2024

പാവനനാം റൂഹാ
അഗതിക്കേകുന്നു
നലമാം പ്രത്യാശ,
എളിയജനത്തിന്നൻപോടെ
വിജ്ഞാനത്തികവേകുന്നു;
സൗഖ്യം രോഗിക്കേകുന്നു;
മൃതരിൽ ജീവൻ ചൊരിയുന്നു;
റൂഹായാം ദാനം മഹനീയം
(റംശാ-പന്തക്കുസ്താ ഞായർ)

Printed, Published & Owned by Shiny Andrews Muthuplackal, Spirituality Centre, Manganam P.O., Kottayam - 686 018; Printed at WiGi Printers, Manganam P.O., Kottayam - 686 018, Ph:0481-2570862, Email: wigipress@gmail.com; Published at Spirituality Centre, Manganam P.O., Kottayam - 686 018, Mob: 9497588192, Email: psmktm@gmail.com
Editor: Fr. Mathew Vellanickal